# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉള്ള്യേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് പത്ര സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 4/2415/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 21/01/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ഉള്ള്യേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ).
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 4/2415/2022 തീയതി: 21/01/2023

## കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേത് ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.പി ജനസിഫ് | ഡെപ്യൂട്ടി ഡയറക്ടർ | 09-12-2022 | 19-12-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-12-2022 | 19-12-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ കെ.എം.ബാലകൃഷ്ണൻ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),

ശ്രീ. ശ്രീജിത്ത് കെ.വി,ഓഡിറ്റർ ,

ശ്രീ. വിജേഷ് കെ.കെ,ഓഡിറ്റർ,

ശ്രീമതി അപർണ്ണ ഡി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സി. അംജിത | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ ഫവാസ് ഷരീഫ് ടി.കെ | സെക്രട്ടറി | 01-04-2021 | 12-01-2022 |
| ശ്രീ ഷിബി എൻ | സെക്രട്ടറി | 13-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രമേശൻ എൻ.എം | അസി.സെക്രട്ടറി | 01-04-2021 | 25-07-2021 |
| വാസുദേവൻ എം.സി | അസി.സെക്രട്ടറി | 26-07-2021 | 31-03-2022 |
| റജില | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 20-10-2021 |
| നവാസ് | ഡയറി ഫാം ഇൻസ്പെക്ടർ | 21-10-2021 | 31-03-2022 |
| ഷിനോയ് | അസി.എഞ്ചിനീയർ | 01-04-2021 | 02-08-2021 |
| വിവേക് വേണുഗോപാൽ | അസി.എഞ്ചിനീയർ | 03-08-2021 | 31-03-2022 |
| ബിജോഷ് വി.ഡി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| അനു പി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| മുഹമ്മദ് ബഷീർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| സുബീഷ് പി.എം | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| രാജീവൻ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| സിന്ധു കെ.പി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഹൈറുന്നിസ | മെഡിക്കൽ ഓഫീസർ, ഗവ .ആയുർവ്വേദ ആശുപത്രി | 01-04-2021 | 31-03-2022 |
| ശ്രീലത | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഹസീന | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് - അപാകതകൾ | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 3 | വാർഷിക കണക്ക് | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4-1 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 9 | തൊഴിൽ നികുതി സമാഹരണത്തിലെ അപാകതകൾ - നിലവിലും തുടരുന്നു | 1-7 |
| 10 | FTE&OS ലൈസൻസ് - ഡിമാന്റ് പൂർണ്ണമല്ല - അപാകതകൾ ആവർത്തിക്കുന്നു : | 1-8 |
| 11 | വലിയ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു- പഞ്ചായത്തിന് പലിശയിനത്തിലെ വരവിൽ നഷ്ടം | 1-9 |
| 12 | സ്ഥിര നിക്ഷേപത്തിന് ഒരേ ബാങ്കിൽ വിവിധ നിരക്കിലുള്ള പലിശ | 1-10 |
| 13 | വസ്തു നികുതി കണക്കാക്കിയതിലെ അപാകത- പഞ്ചായത്തിന് നികുതി നഷ്ടം | 1-11 |
| 14 | പൊയിൽതാഴെ പാടശേഖരം റോഡ്- അപാകതകൾ | 1-12 |
| 15 | അനർഹരായവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല: | 1-13 |
| 16 | ലെവൽ അളവുകളിൽ വ്യത്യാസം | 1-14 |
| 17 | റോഡ് നിർമ്മാണം - ഗുണനിലവാരം ഉറപ്പ് വരുത്തിയില്ല. | 1-15 |
| 18 | തെരുവ് വിളക്ക് എ.എം.സി- രേഖകൾ ലഭ്യമല്ല. | 1-16 |
| 19 | തനത് ഫണ്ട്- അപാകതകൾ | 1-17 |
| 20 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല. | 1-18 |
| 21 | ഹോമിയോ ആശുപത്രി- ലാപ്ടോപ്പ് വാങ്ങൽ - അപാകത | 1-19 |
| 22 | ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-20 |
| 23 | പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - അപാകതകൾ | 1-21 |
| 24 | ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയില്ല | 1-22 |
| 25 | പട്ടികജാതി യുവ പഠിതാക്കൾക്ക് ലാപ്ടോപ്പ് നൽകിയതിൽ അപാകത | 1-23 |
| 26 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-24 |
| 27 | ഹോമിയോ ആശുപത്രി- മരുന്ന് ലഭ്യമായില്ല. | 1-25 |
| 28 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല. | 1-26 |
| 29 | മാലിന്യനിർമ്മാർജ്ജന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-27 |
| 30 | പഞ്ചായത്തിലെ ഡെപ്പോസിറ്റുകൾ സംബന്ധിച്ച അപാകതകൾ | 1-28 |
| 31 | അങ്കണവാടികളുടെ സുരക്ഷയും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനുതകും വിധമുള്ള പ്രോജക്ടുകൾ തയ്യാറാക്കിയില്ല. | 1-29 |
| 32 | കുടിവെള്ള വിതരണം- മോണിറ്ററിംഗിലെ അപാകതകൾ. | 1-30 |
| 33 | വികസന ഫണ്ട് പദ്ധതിയേതര ചെലവുകൾക്കായി വിനിയോഗിച്ചു. | 1-31 |
| 34 | പ്രിന്റിംഗ് ജോലികൾ ലാഭകരമാവുന്നില്ല. | 1-32 |
| 35 | കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും വാങ്ങൽ- മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-33 |

| | | |
|---|---|---|
| 36 | പദ്ധതി ഭാഗികമായി ആസൂത്രണം ചെയ്യ.- ഇതരപദ്ധതികളില്ല | 1-34 |
| 37 | ഹോം വർക്കിന് തുക നൽകി | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യുത്തരം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ് – അപാകതകൾ

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

ഉള്ളിയേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 19-02-2021 ലെ 1/62/2021ാം നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 23-03-2022 ലെ 74/22-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ഇത് കൂടാതെ 2022-23 ലെ ബജറ്റ് അംഗീകരിച്ചപ്പോഴും (30/03/22 തീയതിയിലെ 1(79)/22-ാം നമ്പർ തീരുമാന പ്രകാരം ) 2021-22 ലെ ബജറ്റിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഇത് പ്രകാരം മുന്നിരിപ്പിൽ വ്യത്യാസങ്ങളുണ്ടായിട്ടുണ്ട്. 23-03-2022 ലെ 74/22-ാം നമ്പർ തീരുമാന പ്രകാരമുള്ള പുതുക്കിയ ബജറ്റിൽ മുന്നിരിപ്പ് 2287724/-രൂപയും 30-03-2022 ലെ 1(79)/22-ാം നമ്പർ തീരുമാന പ്രകാരമുള്ള 2022-23 ലെ വാർഷിക ബജറ്റിനോടൊപ്പം പുതുക്കിയ 2021-22 വർഷത്തെ ബജറ്റിൽ മുന്നിരിപ്പ് 23299270/-രൂപയുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിയേതര ചെലവുകളുടെത് ഉൾപ്പെടെയുള്ള ബജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

<u>യഥാർത്ഥ ബജറ്റും പരിഷ്കരിച്ച ബജറ്റും യഥാർത്ഥ വരവ് ചെലവുമായി വലിയ അന്തരം നിലനിൽക്കുന്നു.</u>

| ഇനം | 19-02-2021 ലെ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് | 23-03-2022 ലെ പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് | യഥാർത്ഥ വരവ് ചെലവ് (2021-22റസീറ്റ് &പെയ്മെന്റ് പ്രകാരം) |
|---|---|---|---|
| മുന്നിരിപ്പ് | 2216168 | 2287724 | 15287747 |
| വരവ് | 385743525 | 385573144 | 103632809 |
| ആകെ | **407859693** | 408450358 | 118920556 |
| ചെലവ് | 385551000 | 388511813 | 89442427 |
| നീക്കിയിരിപ്പ് | 22308693 | 19938545 | 29478129 |

19-02-2021 ലെ ബജറ്റിലെ മുന്നിരിപ്പും വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ മുന്നിരിപ്പിലെയും വരവ് ചെലവിലെയും തുകകളുമായി വലിയ വ്യത്യാസം നിലനിൽക്കുന്നു. യഥാർത്ഥ വരവിന്റെയും ചെലവിന്റെയും രണ്ട് ഇരട്ടിയിലധികം ആണ് ബജറ്റിൽ വരവ് ചെലവ് കൊടുത്തിരിക്കുന്നത്. ഇപ്രകാരം യഥാർത്ഥ വരവ് ചെലവുമായി വലിയ വ്യത്യാസത്തിൽ ബജറ്റ് തയ്യാറാക്കുന്നതും സാമ്പത്തിക വർഷ അവസാനം ബജറ്റ് പുതുക്കുമ്പോൾ ഈ അന്തരം ക്രമീകരിക്കാത്തതും ശരിയായ നടപടിയല്ല. ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച അപാകതകൾ നിലവിലും തുടരുന്നു.

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) 2020-21 വർഷം വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ ബി-1 ലെ Excess Of Income Over Expenditure എന്ന ഹെഡിൽ നീക്കിയിരിപ്പായുള്ളത് 96568833/- രൂപയാണ്. എന്നാൽ 2021-22 വാർഷിക കണക്കിലെ ട്രയൽ ബാലൻസിൽ ഓപ്പണിംഗ് ബാലൻസായി എടുത്തിരിക്കുന്നത് 95701567.4/-രൂപയാണ്.

2) 2020-21 വർഷം വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ ബി-18 ലെ Advance To Others (460509901) എന്ന ഹെഡിൽ നീക്കിയിരിപ്പായുള്ളത് 629062/-രൂപയാണ്. എന്നാൽ 2021-22 വാർഷിക കണക്കിലെ ട്രയൽ ബാലൻസിൽ ഓപ്പണിംഗ് ബാലൻസായി എടുത്തിരിക്കുന്നത് 371796/-രൂപയാണ്.

3) വാർഷിക കണക്കിലെ B-4 സ്റ്റേറ്റ്മെന്റ് പ്രകാരം ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായി ചെലവഴിക്കാനായി 70130/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇതിനായുള്ള ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 4630/- രൂപ നീക്കിയിരിപ്പായി കാണുന്നു.

4) ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വിവിധ ഹെഡുകളിലെ ഡെപ്പോസിറ്റ് പരിശോധിച്ചതിൽ Contractors Security Deposit എന്ന ഹെഡിലും Bidders Security Deposit എന്ന ഹെഡിലും Rent Deposit തുകകൾ വന്നിട്ടുണ്ട്. ഇപ്രകാരം ഹെഡ് തെറ്റി പോസ്റ്റ് ചെയ്തത് ക്രമീകരിച്ചിട്ടില്ല.

5) ബാലൻസ് ഷീറ്റിലെ B-4 സ്റ്റേറ്റ്മെന്റ് പ്രകാരം Benificiary Contribution എന്ന ഇനത്തിൽ 1445054/-രൂപ ചെലവഴിക്കാനായി നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ ഇവ ഏത് ഇനത്തിലെ നീക്കിയിരിപ്പാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6) ബാലൻസ് ഷീറ്റിലെ B-4 സ്റ്റേറ്റ്മെന്റ് പ്രകാരം Covid Donation ചെലവഴിക്കാൻ നീക്കിയിരിപ്പുള്ളതായി 146400/-രൂപയുണ്ട്. എന്നാൽ B-17 ലെ KGB - Donation For Covid അക്കൗണ്ടിൽ 486/-രൂപയാണ് നീക്കിയിരിപ്പായിട്ടുള്ളൂ. Covid Donation വരവ് ചെലവ് രേഖപ്പെടുത്തിയ [illegible] എ.സി.ആറിൽ നീക്കിയിരിപ്പായി 1700892/-രൂപ കാണുന്നുണ്ട്.

7) ലൈഫ് ഭവന പദ്ധതിയ്ക്കായുള്ള SBI A/C No. 4902ൽ 120000/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇത് B-4 ൽ കൊണ്ടുവന്നിട്ടില്ല.

8) B-4 സ്റ്റേറ്റ്മെന്റിലെ Contribution For Jointventure Projects (For Revenue Expenditure) From Block Panchayath എന്ന ഹെഡിൽ 45050/-രൂപയും Contribution For Jointventure Projects (For Revenue Expenditure) From District Panchayath എന്ന ഹെഡിൽ 25000/-രൂപയും നീക്കിയിരിപ്പായി കാണുന്നുണ്ട്. 2020-21 വർഷം ബാലൻസ് ഷീറ്റിലും ഈ തുകകൾ നീക്കിയിരിപ്പായി കാണുന്നു. എന്നാൽ ഇത് ഏത് ഇനത്തിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയാണ് എന്ന് വ്യക്തമല്ല. ചെലവില്ലാത്തപക്ഷം തുക തിരിച്ചടവാക്കേണ്ടതാണ്.

9) ബാലൻസ് ഷീറ്റ് B-9 ലെ Government And Other Dues Payable- Service Tax എന്ന ഹെഡിൽ നീക്കിയിരിപ്പായി 6905/-രൂപയും Refund Payable- Other Taxes എന്ന ഹെഡിൽ 1800/-രൂപയും 2020-21 ലെ വാർഷിക കണക്കിലും ലയബിലിറ്റിയായി കാണുന്നു.

10) 2021-22 ലെ വസ്തുനികുതി ഡി.സി.ബി സ്റ്റേറ്റ്മെന്റും വാർഷിക കണക്കുമായി ചുവടെ പരാമർശിച്ച പ്രകാരം വ്യത്യാസം കാണുന്നു.

| | വാർഷിക കണക്ക് പ്രകാരം | ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| റസിഡൻഷ്യൽ (കറന്റ്) | 2034497 | 2037507 |
| നോൺ റസിഡൻഷ്യൽ (കറന്റ്) | 2899979 | 290071 |

11) വാർഷിക കണക്ക് B-17 പ്രകാരം SBI - Net Banking A/C No. 34403 ലെ നീക്കിയിരിപ്പ് 63514/-രൂപയാണ്. ബാങ്ക് സ്റ്റേറ്റ്മെന്റിലും നീക്കിയിരിപ്പ് 63514/-രൂപയാണ്. എന്നാൽ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് 64163/-രൂപയാണ്.

12) ഉള്ളിയേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ (A/C No. 2389) മൂന്ന് മാസം കാലാവധി കഴിഞ്ഞ ചുവടെ കൊടുത്ത ചെക്കുകൾ സ്റ്റേൽ ചെക്ക് എന്ന ഹെഡിലേക്ക് മാറ്റിയിട്ടില്ല.

| വൗച്ചർ നം | തിയതി | ഇൻസ്ട്രുമെന്റ് നം | തുക |
|---|---|---|---|
| 2210051 | 9-4-21 | 119809 | 896 |
| 2210153 | 12-5-21 | 120193 | 500 |

| | | | |
|---|---|---|---|
| 2200187 | 18-2-21 | 119297 | 9250 |

13) KDC Bank-Own Fund (A/C No.20045) ൽ വാർഷിക കണക്ക് B-1 പ്രകാരം 178728/-രൂപ നീക്കിയിരിപ്പുണ്ട്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം യഥാർത്ഥ നീക്കിയിരിപ്പ് 168728/-രൂപയാണ്. എന്നാൽ ഈ അക്കൗണ്ടിന്റെ റീകൺസിലിയേഷൻ ചെയ്തിട്ടില്ല. ഇതിനാൽ ഈ അക്കൗണ്ട് നീക്കിയിരിപ്പ് കൃത്യത പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

14) ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഒന്നിലും സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

15) ടെണ്ടർ ഫോം ഇനത്തിൽ 2021-22വർഷം 42100/-രൂപ വരവുണ്ട്. എന്നാൽ ഇതിന്റെ കൃത്യത ഉറപ്പ് വരുത്തുന്ന രീതിയിൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

16) എൽ.എസ്.ജി.ഡി യിലെ ഇ-ടെണ്ടർ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിലവിൽ വരവ് വരുന്നത്. ഇത് പഞ്ചായത്ത് അക്കൗണ്ടിലേക്ക് നാളിതുവരെ മാറ്റുകയോ റീകൺസിൽ ചെയ്യുകയോ വരവ്/ചെലവ് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഇതിനായുള്ള SBI ലെ 9542 നമ്പർ അക്കൗണ്ടിൽ 20-12-2022 തീയതിയിൽ 365983.5/-രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ടിലെ വരവ് ചെലവ് നീക്കിയിരിപ്പ് കൃത്യത പരിശോധിച്ച് വിശദ വിവരം ലഭ്യമാക്കേണ്ടതും തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

17) വസ്തുനികുതി ഇ-പെയ്മെന്റ് സംവിധാനം ഉപയോഗിച്ച് നികുതി അടവാക്കുന്ന മുറവരി നികുതികളും യഥാസമയം ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആവുന്നില്ല.

18) അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

19) ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക് ഷീറ്റ് വെച്ചിട്ടില്ല.

20) ബി-14പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് മൂല്യം 19000/-രൂപയാണ്. എന്നാൽ ഇതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിച്ചിട്ടില്ല.

21) സി.എഫ്.സി (Untied) ഗ്രാന്റിന്റെ (PFMS വഴിയുള്ളതിന്റെ) ബാലൻസ് ഷീറ്റ് (ബി-4) പ്രകാരമുള്ള നീക്കിയിരിപ്പും വാർഷിക കണക്കിലെ അനുബന്ധത്തിൽ ലഭ്യമാക്കിയ നീക്കിയിരിപ്പ് കണക്കും തമ്മിൽ തമ്മിൽ 56824/- രൂപയുടെ വ്യത്യാസം കാണുന്നു.

22) 1-6 പ്രകാരം MGNREGA തൊഴിലാളികളുടെ കൂലി ചെലവ് തുകയും 14(A) പ്രകാരമുള്ള കൂലി ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2 വാർഷിക കണക്ക്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 29.04.2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15287747 |
| ഓഡിറ്റ് വർഷത്തെ വരവ് | 103632809 |
| ആകെ | 118920556 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 89442427 |
| നീക്കിയിരിപ്പ് | 29478129 |

**1-4-1 ഗ്രാന്റ് വിനിയോഗം**

സർക്കാർ ഉത്തരവ് (കൈ) 18/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ ഉള്ളിയേരി ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്), മെയിന്റനൻസ് ഫണ്ട്(റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 78898914 | 19897163 |
| വികസനഫണ്ട് (എസ്.സി.പി) | 41834472 | 9621000 |
| മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) | 7382823 | 6352823 |

2) വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്), ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-4 ഫണ്ട് വിനിയോഗം**

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17149249 | 17149249 | 16709878 | 439371 |
| വികസന ഫണ്ട് (എസ് സി പി) | 0 | 9171049 | 9171049 | 8921666 | 249383 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി തുക | 0 | 1360527 | 1360527 | 1051164 | 309363 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി തുക | 0 | 3543779 | 3543779 | 2466696 | 1077083 |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS തുക | 0 | 3618000 | 3618000 | 2512833 | 1105167 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)PFMS തുക | 0 | 5427000 | 5427000 | 689884 | 473716 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | – | 14011000 | 14011000 | 8392890 | 5618110 |
| മെയിന്റനൻസ്, നോൺ - റോഡ് | – | 6847823 | 6847823 | 2945519 | 3902304 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | 115943 | 1814024 | 1929967 | 1929637 | 330 |
| സാക്ഷരത | 55123 | 1602 | 56725 | 0 | 56725 |
| എം.പി. ഫണ്ട് | 210070 | 303926 | 513996 | 297822 | 216174 |
| ഐ.സി.ഡി.എസ് | 981251 | 1115582 | 2096833 | 1520603 | 576230 |
| എസ്.എസ്.എ | 384418 | 10589 | 375007 | 0 | 375007 |

## 1-5 പദ്ധതി അവലോകനം

തൻവർഷം 163 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 132 പ്രോജക്ടുകൾ നടപ്പിലാക്കി. 31 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല. വികസന ഫണ്ടിനത്തിൽ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17149249 | 17149249 | 16709878 | 439371 | 97.44 |
| വികസന ഫണ്ട് (എസ് സി പി) | 0 | 9171049 | 9171049 | 8921666 | 249383 | 97.28 |
| വികസന ഫണ്ട്– സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | 0 | 1360527 | 1360527 | 1051164 | 309363 | 77.26 |
| വികസന ഫണ്ട് – സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി മുഖേന | 0 | 3543779 | 3543779 | 2466696 | 1077083 | 69.6 |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 3618000 | 3618000 | 2512833 | 1105167 | 69.45 |
| വികസന ഫണ്ട് – സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)PFMS മുഖേന | 0 | 5427000 | 5427000 | 689884 | 4737116 | 12.71 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | – | 14011000 | 14011000 | 8392890 | 5618110 | 59.9 |
| മെയിന്റനൻസ് നോൺ റോഡ് | – – | 6847823 | 6847823 | 2945519 | 3902304 | 43.01 |
| ആകെ | 0 | 61128427 | 61128427 | 43690530 | 17437897 | 71.47 |

വികസന ഫണ്ടിനത്തിൽ ലഭിച്ച തുകയിൽ 71.47 ശതമാനം തുകയാണ് ചെലവഴിച്ചത്. എസ്.സി.പി ഫണ്ടിന്റെ ചെലവ് 97.28 ശതമാനമാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി മുഖേന) എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ **1595614** രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിലും നിർവ്വഹണത്തിൽ വീഴ്

വരുത്തുന്ന ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 21 |
| സെക്രട്ടറി | 07 |
| വി.ഇ.ഒ | 02 |
| വെറ്ററിനറി സർജൻ | 01 |

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്തതും ലഭിച്ച ഫണ്ട് മുഴുവൻ ചെലവാക്കാത്തതും കാരണം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം ലഭിക്കാതിരിക്കുകയും ലഭിച്ച ഫണ്ട് നഷ്ടപ്പെടുന്നതിനും ഇടയാക്കി. അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നുവെന്നും ലഭിച്ച തുക മുഴുവൻ ചെലവാക്കുന്നുവെന്നും ഭാവിയിൽ ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

## 1-6 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ആവശ്യമാണ്. രസീത് പ്രകാരമുള്ള വരവുകളുടെ ഒടുക്ക് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തി പുറക്കൊപ്പ് വെക്കുന്നില്ല. നടപ്പുവർഷം ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ തയ്യാറാക്കിയ ഡെഡ്സ്റ്റോക്ക് ലിസ്റ്റ് അപൂർണ്ണമാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 968 വാണിജ്യസ്ഥാപനങ്ങൾ ഗ്രാമ പഞ്ചായത്തിലുണ്ടെങ്കിലും 2021-22 വർഷം 207 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2011-12 മുതലുള്ള അഡ്വാൻസുകൾ തിരിച്ചു പിടിക്കാനുള്ളതായി കാണുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ട്. വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം പരിശോധിച്ചതിൽ മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം റദ്ദ് ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചതായി കാണുന്നു. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയ പല അപാകതകളും ആവർത്തിക്കുന്നതായി കാണുന്നു. ബജറ്റ് തയ്യാറാക്കിയതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും അപാകതകളുള്ളതായി കാണുന്നു. വനിതാ ഘടക പദ്ധതിയിലും ചെറുകിട വ്യവസായ മേഖലയിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. വികസന ഫണ്ടിനത്തിൽ ലഭിച്ച തുകയിൽ 71.47 ശതമാനം മാത്രമാണ് ചെലവ്.
അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-7 തൊഴിൽ നികുതി സമാഹരണത്തിലെ അപാകതകൾ – നിലവിലും തുടരുന്നു

തൊഴിൽ നികുതി സമാഹരണത്തിലെ അപാകതകളെ കുറിച്ചും ആയവ പരിഹരിച്ച് 100 ശതമാനത്തിൽ എത്തിക്കുവാനുള്ള നിർദ്ദേശങ്ങളും 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖ.1-10) നൽകിയിട്ടുണ്ട്. അതിനു മറുപടിയായി ഓഡിറ്റ് ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ വരുന്ന നിരവധി സ്ഥാപനങ്ങളും അവിടെയുള്ള തൊഴിലാളികളും, പഞ്ചായത്ത് പരിധിയിൽ നിന്ന് വരുമാനമാർജ്ജിക്കുന്ന മറ്റു വ്യക്തികളും തൊഴിൽനികുതി പരിധിയിൽ നിന്നും ഒഴിവായി പോകുന്നതായി കാണുന്നു . ആയതിന്റെ ചില വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

**i) ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല**

ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഐ.എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | വാർഡ് / കെട്ടിട നം | തൊഴിലുടമയുടെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 8/512 | ഹസ്സൻ എ കെ | 4 |
| 2 | 8/818A | ജിന ജോസഫ് | 6 |
| 3 | 8/744 | സഫ്ന | 3 |
| 4 | 4/708 | സുരേഷ് സി വി | 4 |
| 5 | 8/818,822,823,824,825,826,827,828,829,832,833,834 | മുംതാസ് | 4 |
| 6 | 8/551 | ഷിഹാബ് കെ | 4 |
| 7 | 4/473 | അഷറഫ് എ എൻ | 3 |
| 8 | 8/847 | അബ്ദുൾ ഖാദർ | 5 |
| 9 | 8/847A | അബ്ദുൾ ഖാദർ | 6 |
| 10 | 8/683 | ജിസി ജിംസൺ | 3 |
| 11 | 8/787 | അശോക് മഠത്തിൽ | 3 |

| | | | |
|---|---|---|---|
| 12 | 4/753E,F,G | അഷ്റഫ് കെ കെ | 3 |
| 13 | 4/657,658 | ഷംസുസ് | 4 |
| 14 | 4/615,616 | ഭവ ദാസൻ എം | 4 |
| 15 | 8/660A,B,C | അഭിലാഷ് സി എസ് | 3 |
| 16 | 8/405A | ശില്പ എം | 12 |
| 17 | 4/713 | ബഷീർ ഇ | 3 |
| 18 | 4/602 | അഷ്റഫ് പൊയിലിൽ | 7 |
| 19 | 8/526 | അബ്ദുൽ ഹമീദ് കെ പി | 3 |
| 20 | 8/528 | സാജിത സി പി | 3 |
| 21 | 4/463A | മുഹമ്മദ് റാഫി | 5 |
| 22 | 8/846 | റഷീദ് പി ടി | 4 |

എന്നാൽ ഈ സ്ഥാപന ഉടമകൾക്ക് തൊഴിലാളികളുടെ വരുമാനം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന റിട്ടേൺ സമർപ്പിക്കാൻ ഗ്രാമപഞ്ചായത്ത് ഫോറം ഒന്നിൽ നോട്ടീസ് നൽകുകയോ സ്ഥാപന ഉടമകൾ റിട്ടേൺ പഞ്ചായത്തിൽ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഇതുകൊണ്ട് തന്നെ ഈ ജീവനക്കാർ നികുതിപരിധിയിൽ നിന്നും ഒഴിവായിപ്പോയിട്ടുണ്ട്.

**2) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല- അപാകത ആവർത്തിക്കുന്നു**

- ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. എന്നിട്ടും ഈ വർഷവും ഇതേ കരാറുകാർ തന്നെ പ്രവൃത്തി നടത്തിയിട്ടും ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

**3) കെട്ടിട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

പഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലൈസൻസ് അനുവദിക്കപ്പെട്ട കെട്ടിടങ്ങളുടെ ഉടമകളുടെ വിവരം ലഭ്യമായിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ നിന്നും വരുമാനമാർജ്ജിക്കുന്ന ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളെയും, അവിടെയുള്ള ജീവനക്കാരെയും, മറ്റ് വരുമാനമാർജ്ജിക്കുന്ന വ്യക്തികളെയും തൊഴിൽനികുതി പരിധിയിൽ കൊണ്ട് വരുന്നതിൽ സ്ഥാപനം പരാജയപ്പെട്ടതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-8 FTE&OS ലൈസൻസ് – ഡിമാന്റ് പൂർണ്ണമല്ല –അപാകതകൾ ആവർത്തിക്കുന്നു :

2021-22 വർഷത്തിൽ FTE&OS ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി, ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. കെട്ടിടങ്ങളെ കേന്ദ്രീകരിച്ച് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന വ്യാപാരങ്ങളും വ്യവസായങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല (കെട്ടിട നിർമ്മാണ വസ്തുക്കൾ സംഭരിച്ച് വില്പന നടത്തുന്നവർ, അഗ്രികൾച്ചറൽ നഴ്സറി തുടങ്ങിയവ). ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2021-22 വർഷത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 255 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള 968 കെട്ടിടങ്ങൾ ഗ്രാമ പഞ്ചായത്തിലുണ്ട്. എന്നാൽ 2021-22 വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 207 പേർ മാത്രമാണ് ഡി.&.ഒ. ലൈസൻസെടുത്തിട്ടുള്ളത് (21.38 %). ശേഷിക്കുന്ന 761 കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളിൽ ചിലത് ഒഴിഞ്ഞ് കിടക്കുന്നതിനോ, ഒരു കച്ചവടക്കാരൻ തന്നെ ഒന്നിലധികം കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോ സാധ്യത ഉണ്ടെങ്കിലും ആയത് പരിശോധിച്ച് ഉറപ്പിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.( എൻക്വയറി നം.6, തീ: 07.12.22)

മേൽ സൂചിപ്പിച്ച അപാകതകൾ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളവയാണ് (2020-21 വർഷ ഓഡിറ്റ് റിപ്പോർട്ട്, ഖ. 1.8) അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കാനുമുള്ള ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ സ്ഥാപനം പാലിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ അപാകത ഓഡിറ്റ് വർഷത്തിലും നടപ്പ് വർഷത്തിലും ആവർത്തിക്കപ്പെട്ടിട്ടുണ്ട്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽനികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1958 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും , 1996 ലെ കേരള പഞ്ചായത്ത് രാജ് (എഫ് ടി ഇ & ഒ എസ്സ് – ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-9 വലിയ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു–പഞ്ചായത്തിന് പലിശയിനത്തിലെ വരവിൽ നഷ്ടം

പഞ്ചായത്തിന്റെ 2021–22 ലെ വാർഷിക കണക്ക് പരിശോധനയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ ബാങ്ക് അക്കൗണ്ടുകളിൽ ബാലൻസ് ഷീറ്റ് (ബി-17) പ്രകാരം 29,478,129/–രൂപ നിക്ഷേപിച്ചിട്ടുണ്ട്.

2020–21 വാർഷിക പദ്ധതിയിൽ പുതിയ പദ്ധതികൾക്കും, സ്പിൽഓവർ പദ്ധതികൾക്കും കൂടി 18131050/– രൂപ തനത്ഫണ്ടിൽ നിന്നും വകയിരുത്തുകയും 7585820/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (ആകെ പദ്ധതി ചെലവിന്റെ 9.59%), 2021–22 വാർഷിക പദ്ധതിയിൽ പുതിയ പദ്ധതികൾക്കും, സ്പിൽഓവർ പദ്ധതികൾക്കും കൂടി 13299007/- രൂപ തനത്ഫണ്ടിൽ നിന്നും വകയിരുത്തുകയും 6021274/–രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (ആകെ പദ്ധതി ചെലവിന്റെ 9.86%) തൻവർഷം നികുതി പിരിവ് 100 ശതമാനമാണ്, തനത്ഫണ്ടിൽ ഇത്രയും തുക പദ്ധതിക്കുവേണ്ടി വകയിരുത്താനുള്ള ശേഷി സ്ഥാപനത്തിനുണ്ട്. പഞ്ചായത്തിന്റെ നികുതി നികുതിയേതര വരവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | 2020–21 | 2021–22 | വർദ്ധനവ് |
|---|---|---|---|
| നികുതി വരുമാനം | 6083573 | 6758827 | 11% |
| നികുതിയേതര വരുമാനം | 4091749 | 3993492 | 21% |

2020–21, 2021–22 വർഷങ്ങളിലെ ലിക്വിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 2020–21 |
|---|
| |

| ബാധ്യത | | ആസ്തി | |
|---|---|---|---|
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B-2 | 59212 | B12 | 22650628 |
| B4 | 2365964 | B14 | 42000 |
| B7 | 8955470 | B16 | 12263103 |
| B9 | 2501839 | B17 | 15287747 |
| | | B18 | 917432 |
| ആകെ | 13882505 | | 51160910 |

2020-21 സാമ്പത്തിക വർഷം ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തി ഉയർന്ന ലിക്വിഡിറ്റിയുള്ള ബാധ്യതയേക്കാൾ 37278405/- രൂപ കൂടുതലുണ്ട്. ഇതിൽ 2020-21 ൽ ആകെ 22650628/-രൂപ 2021-22 ലേക്ക് സ്ഥിര നിക്ഷേപം നടത്തിയിട്ടുണ്ട്. 2020-21 ബാലൻസ് ഷീറ്റ് ബി-17 പ്രകാരം വിവിധ ബാങ്ക് അക്കൗണ്ടുകളിൽ 15287747/-രൂപ നീക്കിയിരിപ്പുണ്ട്.

| 2021-22 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B-2 | 63712 | B12 | 24393930 |
| B4- | 10085885 | B14 | 19000 |
| B7 | 8316803 | B15 | 7016740 |
| B9 | 1568535 | B17 | 29478129 |
| | | B18 | 1483573 |
| ആകെ | 20034935 | | 62391372 |

2021-22 സാമ്പത്തിക വർഷം ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തി ഉയർന്ന ലിക്വിഡിറ്റിയുള്ള ബാധ്യതയേക്കാൾ 42356437/- രൂപ കൂടുതലുണ്ട്. ഇതിൽ 2021-22 ൽ 24393930/-രൂപ 2022-23 ലേക്ക് സ്ഥിര നിക്ഷേപം നടത്തിയിട്ടുണ്ട്. 2021-22 ബാലൻസ് ഷീറ്റ് ബി-17 പ്രകാരം വിവിധ ബാങ്ക് അക്കൗണ്ടുകളിൽ 29478129/-രൂപ നീക്കിയിരിപ്പുണ്ട്.

കൂടാതെ പഞ്ചായത്തിൽ ശമ്പളം അനുബന്ധ ചെലവുകൾ ചെയ്തു വന്നിരുന്നത് തനത് ഫണ്ടിൽ നിന്നാണ്. ഇതിനാൽ ജനറൽ പർപ്പസ് ഫണ്ടിൽ വലിയ തുക നീക്കിയിരിപ്പുണ്ടാവുന്നു. വാർഷിക കണക്ക് പ്രകാരം സാമ്പത്തിക വർഷാവസാനം 2020-21 ൽ പഞ്ചായത്തിലെ ജനറൽ പർപ്പസ് ഫണ്ടിൽ 12263103/- രൂപയും 2021-22 ൽ 7016740/- രൂപയും റിഡംഷൻ ഫ്ലോട്ട് ആയി ഉണ്ട്. ട്രഷറി അക്കൗണ്ടിലുള്ള ജനറൽ പർപ്പസ് ഗ്രാന്റ് തുകയ്ക്ക് പലിശ ലഭ്യമാവുകയില്ല. ഇതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റെ അഭാവത്തിൽ മാത്രം തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കേണ്ടതാണ്. തനത് ഫണ്ടിൽ വലിയ തുക നീക്കിയിരിപ്പുണ്ടാവുകയും വാർഷിക പദ്ധതിയിൽ തനത് ഫണ്ട് നീക്കിയിരിപ്പിന് അനുസൃതമായി തനത്ഫണ്ട് വകയിരുത്തുകയും ചെയ്യാത്ത സാഹചര്യത്തിൽ അധിക തുക സ്ഥിര നിക്ഷേപമായിമാറ്റാതെനിൽക്കെ വലിയ തുക കറന്റ് അക്കൗണ്ടിലും ഫ്ലെക്സി സേവിങ്സ് അക്കൗണ്ടിലുമായി സൂക്ഷിക്കുന്നത് പഞ്ചായത്തിന് പലിശയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന തുക നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നതാണ്. ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 സ്ഥിര നിക്ഷേപത്തിന് ഒരേ ബാങ്കിൽ വിവിധ നിരക്കിലുള്ള പലിശ

പഞ്ചായത്തിലെ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം 2021-22 വർഷം ആറ് ബാങ്കുകളിലായി 2,26,50,628/-രൂപ സ്ഥിര നിക്ഷേപം നടത്തിയിട്ടുണ്ട്. ഈ സ്ഥിര നിക്ഷേപങ്ങൾക്ക് 2021-22 വർഷം 17,43,302/- രൂപ പലിശ ലഭിച്ചിട്ടുണ്ട്. വിവിധ തുകകളുടെ 13 സ്ഥിരനിക്ഷേപങ്ങളായാണ് മേൽ തുക മൂന്ന് ബാങ്കുകളിലായി നിക്ഷേപിച്ചത്. എന്നാൽ 2021-22 വർഷം നിക്ഷേപിച്ച ഇവയുടെ പലിശ ലഭ്യമാവുന്നത് വിവിധ നിരക്കുകളിലായാണ് എന്ന് എഫ്ഡി രസീറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. വിശദ വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | എഫ്.ഡി. രസീറ്റ് നം | ബാങ്ക് | തീയതി | നിക്ഷേപിച്ച തുക | 2021-22 ലെ പലിശ (%) | വർഷാവസാനം ലഭ്യമായ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 1 | ലഭ്യമല്ല | ഉള്ള്യേരി പഞ്ചായത്ത് വനിതാ കോ - ഓപ്പറേറ്റീവ് ബാങ്ക് | 8.7.20 | 2209096 | 8 | 2396869 |
| 2 | ലഭ്യമല്ല | ഉള്ള്യേരി പഞ്ചായത്ത് വനിതാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 29.3.21 | 749718 | 9 | 269414 |
| 3 | 2488 | ഉള്ള്യേരി പഞ്ചായത്ത് വനിതാ കോ - ഓപ്പറേറ്റീവ് ബാങ്ക് | 29.3.21 | 247165 | 9 | 311796 |
| 4 | 51220 | ഉള്ള്യേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 2.7.20 | 749718 | 7.75 | 8078145 |
| 5 | 51221 | ഉള്ള്യേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 13.8.20 | 1267441 | 7.5 | 13655668 |
| 6 | 51245 | ഉള്ള്യേരി സർവ്വീസ് | 22.9.20 | 226475 | 8.25 | 245159 |

| | | | | | | |
|---|---|---|---|---|---|---|
| | | കോ-ഓപ്പറേറ്റീവ് ബാങ്ക് | | | | |
| 7 | 47865 | ഉള്ള്യേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 13.2.21 | 4409495 | 7.75 | 4751230 |
| 8 | 47872 | ഉള്ള്യേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 20.2.21 | 2110825 | 7.75 | 2274414 |
| 9 | 53125 | ഉള്ള്യേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 24.4.20 | 1351103 | 9 | 1465947 |
| 10 | ലഭ്യമല്ല | KDC Bank പേരാമ്പ്ര | 30.3.21 | 644443 | 6.25 | 684721 |
| 11 | ലഭ്യമല്ല | KDC Bank അത്തോളി | 20.4.20 | 1169777 | 7.25 | 1254586 |
| 12 | ലഭ്യമല്ല | KDC Bank ബാലുശ്ശേരി | 29.3.21 | 1029139 | 6.25 | 1093481 |
| 13 | ലഭ്യമല്ല | KDC Bank ഉള്ള്യേരി | 28.3.21 | 200000 | 6.25 | 200000 |

മേൽ പട്ടികയിലെ ഉള്ള്യേരി പഞ്ചായത്ത് വനിതാ കോ- ഓപ്പറേറ്റീവ് ബാങ്കിലെ ക്രമ നം 2,3എന്നിവയിലെ സ്ഥിര നിക്ഷേപത്തിന് 2021-22 വർഷം 9 ശതമാനം വാർഷിക പലിശ ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതേ ബാങ്കിൽ നിക്ഷേപിച്ച ക്രമ നം1 പ്രകാരമുള്ള സ്ഥിര നിക്ഷേപത്തിന് 8% മാത്രമാണ് പലിശ ലഭ്യമായിട്ടുള്ളത്. കൂടാതെ ഉള്ള്യേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ ക്രമ നം 9 പ്രകാരമുള്ള സ്ഥിര നിക്ഷേപത്തിന് 2021-22 ൽ 9% പലിശ ലഭ്യമായിരുന്നു. എന്നാൽ ഇതേ ബാങ്കിൽ നിക്ഷേപിച്ച ക്രമ നം 4,5,7,8 പ്രകാരമുള്ള സ്ഥിര നിക്ഷേപങ്ങൾക്ക് 7.75 % മാത്രമാണ് പലിശ ലഭ്യമായിട്ടുള്ളത്. നിക്ഷേപ പലിശയിലെ കുറവ് പരിശോധിക്കാതെ നിക്ഷേപം നടത്തിയത് പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകാനിടയാക്കിയിട്ടുണ്ട്. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും പലിശയിനത്തിലെ നഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ രീതിയിൽ നിക്ഷേപങ്ങൾ പുനഃക്രമീകരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

**1-11 വസ്തു നികുതി കണക്കാക്കിയതിലെ അപാകത- പഞ്ചായത്തിന് നികുതി നഷ്ടം**

പഞ്ചായത്തിൽ 2021-22 വർഷം വസ്തുനികുതി കണക്കാക്കി നൽകിയ കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയതിലെ കൃത്യത പരിശോധിച്ചപ്പോൾ ചുവടെ കൊടുത്ത 100 ച. മീറ്ററിൽ അധികമുള്ള വാണിജ്യ കെട്ടിടങ്ങളെ 100 ച. മീറ്ററിൽ കുറവുള്ള വാണിജ്യ കെട്ടിടമായി കണക്കാക്കി കുറഞ്ഞ നിരക്കിലുള്ള നികുതി നിരക്ക് നൽകി നികുതി കണക്കാക്കിയതായി കണ്ടു.

| ക്രമ നം | വാണിജ്യ കെട്ടിട നമ്പർ | കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണ്ണം | നികുതി കണക്കാക്കാനെടുത്ത നികുതി നിരക്ക് | യഥാർത്ഥത്തിൽ നികുതി കണക്കാക്കാനെടുക്കേണ്ട നികുതി നിരക്ക് | ഡിജിറ്റൽ സൈൻ ചെയ്ത് നമ്പർ നൽകിയ തിയതി |
|---|---|---|---|---|---|---|
| 1 | 7/125 A To F | അബ്ദുൾ അസീസ്, അൽ തസ്നി | 143.196M2 | 40 | 60 | 21-06-21 |
| 2 | 11/73 C, D | സുഹ്റ, മീത്തലെ കേളോത്ത് | 109.56 M2 | 40 | 60 | 21-10-21 |
| 3 | 16/456 G | നസീർ, കാരവയൽ കനി | 179.99 M2 | 40 | 60 | 20-12-21 |

ഇപ്രകാരം വസ്തു നികുതി കണക്കാക്കാനായി കുറഞ്ഞ നികുതി നിരക്ക് നൽകിയതിനാൽ പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. വസ്തുനികുതി കണക്കാക്കുന്നത് പരിശോധിക്കാൻ ചുമതലപ്പെട്ട ഹെഡ് ക്ലാർക്കോ സെക്രട്ടറിയോ പ്രസ്തുത അപാകത പരിശോധിക്കുന്നില്ല. ഇത് പഞ്ചായത്തിന് വലിയ രീതിയിൽ നികുതി നഷ്ടം ഉണ്ടാക്കുന്നു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ഇത്തരം മറ്റ് കെട്ടിടങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ച് അവയുടെ നികുതി പരിഷ്കരിക്കേണ്ടതും വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-12 പൊയിൽത്താഴെ പാടശേഖരം റോഡ്- അപാകതകൾ**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പൊയിൽ താഴെ പാടശേഖരം റോഡ് (പ്രൊജക്ട് നം. 95/22) , പൊയിൽ താഴെ പാടശേഖരം റോഡ് പൂർത്തീകരണം (187/22) എന്നീ പദ്ധതികളുടെ ആസൂത്രണത്തിലുണ്ടായ വീഴ്ച മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിന് 25490 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ 95/22 , പൊയിൽതാഴെ പാടശേഖരം റോഡ് എന്ന പേരിൽ 196 മീറ്റർ (ചെയിനേജ് 142 മുതൽ 338 വരെ) റോഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. 750000 രൂപ അടങ്കലിൽ ചെയ്ത പദ്ധതി ഇ-ടെണ്ടർ മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. കരാറുകാരനായ ശ്രീ.കെ.കെ.അബു, കണ്ടംകുളങ്ങര ക്വാറിമക്ക് ഫില്ല് ചെയ്യുന്ന ഇനത്തിന് 731.44 രൂപയും സിമന്റ് കോൺക്രീറ്റിന് (75.8.1) 5975.33 രൂപയുമാണ് ഒരു ഘനമീറ്ററിന് ക്വാട്ട് ചെയ്തിട്ടുള്ളത്. ഇതേ റോഡിൽ 22 മീറ്ററിൽ കോൺക്രീറ്റിംഗ് പ്രവൃത്തി നടത്തുന്നതിനായി 187/22 നമ്പറായി പദ്ധതി ആസൂത്രണം ചെയ്യുകയും മാന്വൽ ടെണ്ടർ നടപടിയിലൂടെ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരനായ ശ്രീ.കെ.കെ.അബു, കണ്ടംകുളങ്ങര എസ്റ്റിമേറ്റ് നിരക്കിൽ, അതായത് ക്വാറിമക്ക് ഫില്ല് ചെയ്യുന്ന ഇനത്തിന് 940.22 രൂപയും സിമന്റ് കോൺക്രീറ്റിന് (75.8.1) 8358.26 രൂപയുമാണ് ഒരു ഘനമീറ്ററിന് ക്വാട്ട് ചെയ്തിട്ടുള്ളത്. യഥാക്രമം 6.591 , 10.05 ഘനമീറ്റർ അളവിലുമാണ് മേൽ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതി ഭാഗികമായി ആസൂത്രണം ചെയ്തത് മൂലം ക്വാറി മക്ക് ഫില്ലിംഗിന് ഘനമീറ്ററിന് ജി.എസ്.ടി ഉൾപ്പെടെ 233.83 (208.78+25.05) രൂപയും കോൺക്രീറ്റിംഗിന് 2668.9രൂപ നിരക്കിലും അധിക ചെലവുണ്ടായിട്ടുണ്ട്. ഇപ്രകാരം ക്വാറിമക്ക് ഫില്ലിംഗിന് 1541 രൂപയും റോഡ് കോൺക്രീറ്റിന് 28023 രൂപയും ഉൾപ്പെടെ ആകെ 29564 രൂപ ഗ്രാമപഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്.

പൊയിൽ താഴെ പാടശേഖരം റോഡ് (പ്രൊജക്ട് നം. 95/22) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ ക്വാറിമക്ക് ചെയ്തതിനേക്കാൾ 28.65 മീറ്റർ നീളത്തിൽ കോൺക്രീറ്റിംഗ് ചെയ്തതായി കാണുന്നു. എം ബുക്ക് പ്രകാരം 178.5 മീറ്ററിലാണ് ക്വാറിമക്ക് ഫില്ല് ചെയ്തിട്ടുള്ളത്. എന്നാൽ 207.15 മീറ്റർ കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇക്കാരണത്താൽ പൊയിൽ താഴെ പാടശേഖരം റോഡ് (പ്രൊജക്ട് നം. 95/22) , പൊയിൽ താഴെ പാടശേഖരം റോഡ് പൂർത്തീകരണം (187/22) എന്നീ പദ്ധതികളുടെ ഭാഗമായി നിർമ്മിച്ച റോഡ് സ്ഥലപരിശോധന നടത്തിയതിൽ ആകെ കോൺക്രീറ്റ് ചെയ്തത് 210.8 മീറ്റർ നീളത്തിലാണെന്ന് അളന്ന് ബോധ്യപ്പെട്ടു. എന്നാൽ പദ്ധതികളുടെ എം ബുക്ക് പരിശോധിച്ചതിൽ 236 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ക്വാറിമക്ക് ഫില്ലിംഗ് 20.8x3x0.10=6.24m$^2$

6.24x731.40 = 4564.19

1:2:4 കോൺക്രീറ്റ് 20.8x3x0.15 = 9.36ഘ.മീ X5975.33=55929

ആകെ = 4564.19+55929.09+60493.28+(10%GST)1259.19=67752

ഇപ്രകാരം 67752 രൂപയാണ് കരാറുകാരന് അധികം നൽകിയത്. ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയതിനെ തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഇത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

പദ്ധതി ഭാഗികമായി ആസൂത്രണം ചെയ്തതിലൂടെ ഒരേ കരാറുകാരൻ ഒരേ കാലയളവിൽ വ്യത്യസ്ത നിരക്കിൽ പ്രവൃത്തി ചെയ്തതിലൂടെ പഞ്ചായത്ത് ഫണ്ടിന് 29564 രൂപയുടെ നഷ്ടമുണ്ടായി. മേൽ ചെലവ് ഇക്ക് തടസ്സപ്പെടുത്തുന്നു.

തെറ്റായ അളവുകൾ രേഖപ്പെടുത്തിയത് കാരണമാണ് ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് തുക നൽകുന്ന സാഹചര്യം സ്ഥാപനത്തിൽ ഉണ്ടായിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിൽ പ്രവർത്തിക്കുന്നതിലുണ്ടാകുന്ന വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. (ബിൽ നമ്പർ 240/10.03.22 രൂ.550000-CFC)

## 1-13 അനർഹരായവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയലുകളും അനുബന്ധ രേഖകളും (Death Register 120/2021 To 181/2021) പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

പഞ്ചായത്തിൽ 5551 പേർക്ക് വിവിധ സാമൂഹ്യ ക്ഷേമ പെൻഷനുകൾ നൽകുന്നതിൽ 1670 പേർക്ക് ബാങ്ക് അക്കൗണ്ട് വഴിയും 3881 പേർക്ക് വീടുകളിലെത്തി നേരിട്ടുമാണ് പെൻഷൻ വിതരണം ചെയ്യുന്നത്. വീടുകളിലെത്തി നേരിട്ട് പെൻഷൻ കൈപ്പറ്റുന്നവർ മരണപ്പെട്ടാൽ മാത്രമാണ് സമയബന്ധിതമായി പെൻഷൻ റദ്ദ് ചെയ്യപ്പെടുന്നത്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട മരണപ്പെട്ടവരുടെ പെൻഷൻ പോലും റദ്ദ് ചെയ്യപ്പെടാതെ മാസങ്ങളോളം അക്കൗണ്ടിൽ പണം നിക്ഷേപിക്കപ്പെടുന്നു. പഞ്ചായത്ത് പരിധിക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, പുനർ വിവാഹം നടത്തിയവരുടേയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിൽ ഇല്ല. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അതിനാൽ അനർഹരായവർക്ക് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് | മരണം | അധികമായി നൽകിയ തുക |
|---|---|---|

| | | |
|---|---|---|
| മാധവൻ പി | September 2021 | 12 മാസം , റദ്ദ് ചെയ്യപ്പെട്ടിട്ടില്ല. 19200 |
| ബീവി | September 2021 | 12 മാസം , റദ്ദ് ചെയ്യപ്പെട്ടിട്ടില്ല. 19200 |
| ചന്ദ്രൻ നമ്പ്യാർ | November 2021 | 10 മാസം , റദ്ദ് ചെയ്യപ്പെട്ടിട്ടില്ല. 16000 |
| കോരു | November 2021 | 9 മാസം , 14400 |
| കത്താലി | April 2022 | 5 മാസം , റദ്ദ് ചെയ്യപ്പെട്ടിട്ടില്ല. 8000 |
| ബാലൻ കെ എം | September 2021 | 3 മാസം, 4800 |
| മാധവി | September 2021 | 3 മാസം. 4800 |
| ആയിഷുമ്മ | September 2021 | 3 മാസം, 4800 |
| പാത്തുമ്മ | October 2021 | 2 മാസം,3200 |
| ഉണ്ണിമാധവൻ | October 2021 | 2 മാസം, 3200 |
| കണ്ണായി | November 2021 | 1 മാസം, 1600 |

ജി.ഒ.(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. അധികമായി നൽകിയ തുക തിരിച്ചടയ്ക്കാൻ വ്യക്തികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകേണ്ടതും തുക തിരിച്ചടയ്ക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പെൻഷൻ റദ്ദ് ചെയ്യാൻ ലഭിക്കുന്ന അപേക്ഷകൾക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

അധികമായി നൽകിയ പെൻഷൻ തുക തിരിച്ച് ഈടാക്കാത്തപക്ഷം ആയത് പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കുന്നതാണ്. ആയത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.1/2021-22 തിയ്യതി:13-12-22) ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുകളിൽ കാണിച്ച ഏതാനും ഉദാഹരണങ്ങൾ ഉൾപ്പെടെ പഞ്ചായത്തിലെ മരണ രജിസ്റ്ററിൽ ചേർക്കപ്പെട്ടവരുടെ പേരും പെൻഷൻ റദ്ദ് ചെയ്യാത്തതിന് വിശദീകരണം നൽകേണ്ടതും, പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന അനർഹരായവരെ കണ്ടെത്തി അധികമായി നൽകിയ തുക തിരിച്ചടവാക്കി അറിയിക്കേണ്ടതുമാണ്.

## 1-14 സൈറ്റ് അളവുകളിൽ വ്യത്യാസം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ കണയംകോട് കട്ടോത്തനാലം ഉള്ളൂർകടവ് , പൊയിൽ താഴെ പാടശേഖരം റോഡ് (പ്രോജക്ട് നം. 95/22) , പൊയിൽ താഴെ പാടശേഖരം റോഡ് പൂർത്തീകരണം (167/22) എന്നിവയിൽ സൈറ്റ് പരിശോധന നടത്തിയതിൽ സൈറ്റ് അളവുകളിൽ വ്യതിയാനമുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കണയംകോട് കട്ടോത്തനാലം ഉള്ളൂർകടവ് റോഡ്

പ്രോജക്ട് നമ്പർ 130/22
ബിൽ നമ്പർ 172/5.2.22
ഫണ്ട് മെയിന്റനൻസ് ഗ്രാന്റ് റോഡ്
ചെലവ് തുക 97326

എസ്റ്റിമേറ്റ് പ്രകാരം ചെയിനേജ് 234- 278 വരെയുള്ള 43 മീറ്ററിൽ ജി.എസ്.ബി ചെയ്യുന്നതിന് ആസൂത്രണം ചെയ്തിട്ടുണ്ട്. എം ബുക്ക് പ്രകാരം (96/2019-20) 42.9 മീറ്ററിൽ പ്രസ്തുത പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എം ബുക്കിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. സൈറ്റ് പരിശോധനയിൽ മേൽ ചെയിനേജിൽ പ്രവൃത്തികളൊന്നും നിർവ്വഹിച്ചിട്ടില്ലെന്നും പ്രസ്തുത റോഡിൽ 20 മീറ്ററിൽ ഗ്രാനുലാർ സബ് ബേസ്, വെറ്റ് മിക്സ് മെക്കാഡം എന്നിവ ചെയ്ത് റോഡ് ഉയർത്തുന്ന പ്രവൃത്തി നിർവ്വഹിച്ചതായും കാണുന്നു. അളവ് പുസ്തകത്തിൽ 42.9 മീറ്ററിൽ പ്രസ്തുത പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സൈറ്റിൽ 20 മീറ്റർ അളവിൽ മാത്രമേ പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളൂ. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. <u>പൊയിൽ താഴെ പാടശേഖരം റോഡ് .</u>

ബിൽ നമ്പർ 240/10.3.22
ചെലവ് തുക 550000(സി.എഫ്.സി ഗ്രാന്റ്)

പൊയിൽ താഴെ പാടശേഖരം റോഡ് (പ്രോജക്ട് നം. 95/22) എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ്, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ കാരിയേജ് ചെയ്യുന്നതിനേക്കാൾ 28.65 മീറ്റർ നീളത്തിൽ കോൺക്രീറ്റിംഗ് ചെയ്തതായി കാണുന്നു. എം ബുക്ക് പ്രകാരം 178.5 മീറ്ററിലാണ് കാരിയേജ് ഫിൽ ചെയ്തിട്ടുള്ളത്. എന്നാൽ 207.15 മീറ്റർ റോഡ് കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. പൊയിൽ താഴെ പാടശേഖരം റോഡ് (പ്രോജക്ട് നം. 95/22) , പൊയിൽ താഴെ പാടശേഖരം റോഡ് പൂർത്തീകരണം (187/22) എന്നീ പദ്ധതികളുടെ ഭാഗമായി നിർമ്മിച്ച റോഡ് സ്ഥല പരിശോധന നടത്തിയതിൽ ആകെ കോൺക്രീറ്റ് ചെയ്തത് 210.8 മീറ്റർ നീളത്തിലാണെന്ന് അളന്ന് ബോധ്യപ്പെട്ടു. എന്നാൽ പദ്ധതികളുടെ എം.ബുക്ക് പരിശോധിച്ചതിൽ 231.6 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം 67752 രൂപയാണ് കരാറുകാരന് അധികം നൽകിയത്. ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയതിനെ തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥല പരിശോധനയുടെ ഭാഗമായി മേൽ പറഞ്ഞ പ്രവൃത്തികളുടെ സൈറ്റുകൾ മാത്രമാണ് ഓഡിറ്റ് പരിശോധിച്ചിട്ടുള്ളത് അളവ് പുസ്തകത്തിലെയും സൈറ്റിലെയും അളവുകളിലെ വ്യത്യാസം ഓഡിറ്റ് ഗൗരവമായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയെന്ന നിലയിൽ പ്രവർത്തിക്കാത്തതിലുള്ള വീഴ്ചയാണ് അപാകതകൾക്ക് കാരണമായിട്ടുള്ളത്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മേഖലയിൽ പ്രാവീണ്യമുള്ള അംഗത്തെ കൂടി ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കേണ്ടതും സാങ്കേതിക പരിശോധന നടത്തി അളവുകൾ ഉൾപ്പെടെയുള്ള ഘടകങ്ങൾ മോണിറ്റർ ചെയ്യേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും കണയംകോട് കുട്ടോത്തമ്പലം ഉള്ളൂർകടവ് റോഡ് പ്രവൃത്തിയുടെ അളവുകൾ പുനഃപരിശോധിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. മേൽ പദ്ധതികൾ ചെലവ് തുകയായ 97326 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>I-15 റോഡ് നിർമ്മാണം – ഗുണനിലവാരം ഉറപ്പ് വരുത്തിയില്ല.</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ കത്രമ്പത്ത് അമ്പലം റോഡ് (പ്രോജക്ട് നമ്പർ 80/22) സൈറ്റ് പരിശോധന നടത്തിയതിൽ റോഡിന്റെ ഗുണമേന്മ കുറവാണെന്നും നിർവ്വഹണ ഘട്ടത്തിൽ ശരിയായ മോണിറ്ററിംഗ് നടന്നിട്ടില്ലെന്നും ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കത്രമ്പത്ത് അമ്പലം റോഡ് പ്രവൃത്തിയുടെ സൈറ്റ് പരിശോധനയിൽ ചിപ്പിംഗ് കാർപ്പറ്റ് ഇളകിയ നിലയിലും ഐറിഷ് ഡ്രെയിൻ , റോഡ് എന്നിവയുടെ ഗുണനിലവാരം കുറവും ബോധ്യപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ തന്നെ പരാതികൾ ഉയർന്നിരുന്നതായി ഫയലിൽ നിന്നും വ്യക്തമാണ്. മേൽ സാഹചര്യത്തിലും കരാറുകാരന് പാർട്ട്ബിൽ അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും പദ്ധതി നിർവ്വഹണ ഘട്ടത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്നതിൽ വീഴ്ച വരുത്തിയെന്നത് വ്യക്തമാണ്. ആയത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതും കരാറുകാരനെതിരെ തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## <u>I-16 തെരുവ് വിളക്ക് എ.എം.സി- രേഖകൾ ലഭ്യമല്ല.</u>

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്കുകൾക്ക് എ.എം.സി ലഭ്യമാക്കൽ എന്ന പദ്ധതി പ്രകാരം 349988 ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

- 24 വാട്ടിന്റെ 212 എൽ.ഇ.ഡി ബൾബുകൾ റിപ്പയർ ചെയ്യുന്നതിന് കൽപ്പത്തൂർ ഇലക്ട്രിക്കൽ & പ്ലംബിംഗ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 280429 രൂപ നൽകിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ നിലാവ് പദ്ധതിയുടെ സർവ്വേ റിപ്പോർട്ട് പ്രകാരം 24 വാട്ടിന്റെ എൽ.ഇ.ഡി ബൾബുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി യുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ലാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്.
- റിപ്പയർ രജിസ്റ്റർ പ്രകാരം വാർഡ് 12 ൽ 10 എൽ.ഇ.ഡി ബൾബുകൾ റിപ്പയർ ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരൻ ബില്ലിനൊപ്പം ലഭ്യമാക്കിയ പട്ടികയിൽ 14 എണ്ണം

റിപ്പയർ ചെയ്യുന്നതായാണ് ക്ലെയിം ചെയ്തിട്ടുള്ളത്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

15.09.2011 തീയ്യതിയിലെ 3056/DA3/2011/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കെ.എസ്.ഇ.ബിയുടെ മേൽനോട്ടവും മോണിറ്ററിംഗും ഇല്ലാതെ പ്രവൃത്തി നിർവ്വഹിക്കാൻ പാടില്ലാത്തതും കെ.എസ്.ഇ.ബി യുടെ നിരക്കിൽ അധികരിച്ച് പ്രവൃത്തി നിർവ്വഹിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ മേൽ വ്യവസ്ഥകൾ പാലിക്കാതെയാണ് കരാറുകാരൻ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.(ബിൽ നമ്പർ -TRN നം. 2932991, തീയതി 18.02.2022 349988/- രൂപ)

## 1-17 തനത് ഫണ്ട്- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വിനിയോഗം സംബന്ധിച്ച വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു.

1. ചെലവ് രേഖകൾ ലഭ്യമല്ല.

മഴക്കാല പൂർവ്വ ശുചീകരണത്തിനായി 20.07.2021 ലെ 22100408 നമ്പർ വൗച്ചർ മുഖേന 190000 രൂപ സെക്രട്ടറി മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്താതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ അറിയിക്കുന്നതിനും ചെലവ് രേഖകൾ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

2. അനുമതി ഉത്തരവ് ലഭ്യമാക്കിയില്ല.

സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സമന്വയ ഓഡിറ്റോറിയം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇക്കാരണത്താൽ പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതചാർജ്ജ് അനുവദിക്കുന്നതിന് ഉടമ അപേക്ഷ സമർപ്പിക്കുകയും 11-11-21 തീയ്യതിയിലെ 2200863 നമ്പർ വൗച്ചർ മുഖേന 7961 രൂപ ഉടമക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഉടമ അപേക്ഷയോടൊപ്പം സമർപ്പിച്ച വൈദ്യുത ബില്ലിൽ കുടിശ്ശിക തുകയായി 5084 രൂപ ഉൾപ്പെട്ടിട്ടുണ്ട്. തുക അനുവദിക്കുന്നതിനും പ്രസ്തുത കെട്ടിടം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്രവ പരിശോധനാ കേന്ദ്രമായി ഉപയോഗിക്കുന്നതിനുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഏത് കാലയളവിലേതാണെന്നതും വ്യക്തമാക്കിയിട്ടില്ല.

3. സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കിയില്ല.

03.05.2021 ലെ 2210011 നമ്പർ വൗച്ചർ മുഖേന 106503 രൂപ ചെലവഴിച്ച് മാനേജർ, യുണൈറ്റഡ് സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 50 പൾസ് ഓക്സിമീറ്റർ വാങ്ങിയിട്ടുണ്ട്. ആയതിന്റെ സ്റ്റോക്ക് വിവരങ്ങൾ, നിലവിലെ അവസ്ഥ എന്നിവ ഓഡിറ്റിനെ അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെലവുകൾ നിരീക്ഷിക്കുന്നതിലും നിയന്ത്രിക്കുന്നതിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതല നിർവ്വഹിക്കുന്നതിലുണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. മഴക്കാല പൂർവ്വ ശുചീകരണത്തിനായി ചെലവഴിച്ച 190000 രൂപയുടെ വൗച്ചറുകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-18 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല.

ഗ്രാമപഞ്ചായത്തുകളിലെ റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് വാർഡ് മെമ്പർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത നിരക്കുകളിൽ ക്വാറിമക്ക് ഫില്ല് ചെയ്യുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. സാമ്പത്തിക വർഷത്തിൽ 32100 രൂപയാണ് തനത് ഫണ്ടിൽ നിന്നും ക്വാറിമക്ക് ഫില്ല് ചെയ്യുന്നതിന് വേണ്ടി വിനിയോഗിച്ചിട്ടുള്ളത്. മേൽ പ്രവൃത്തികൾക്ക് റോഡുകളുടെ കസ്റ്റോഡിയൻ ഓഫീസറായ അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്യുന്നതായോ നിർവ്വഹിച്ച പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്തിയതായോ കാണുന്നില്ല.

സ.ഉ.(കൈ) നം.1/തസ്വഭവ തീയതി. 29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ

പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ തസ്വഭവ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/തസ്വഭവ,തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി എല്ലാ പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുക എന്നിവയും ആസ്തി സംരക്ഷണ പദ്ധതിയുടെ ഭാഗമാകേണ്ടതാണ്. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച് തസ്വഭ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനാവശ്യ നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു. ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തിരജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-19 ഹോമിയോ ആശുപത്രി- ലാപ്ടോപ്പ് വാങ്ങൽ -അപാകത

പ്രോജക്ട് നം– 157/21-22 ( ഹോമിയോ ആശുപത്രിയിലേക്ക് ലാപ്ടോപ്പ് വാങ്ങൽ)

വകയിരുത്തിയ തുക -50000/- (തനത് ഫണ്ട് )

ചെലവ് തുക – 50000/-

വൗച്ചർ നം – 22101274 Dtd 16/02/2022

ഹോമിയോ ആശുപത്രിയിലേക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനാണ് തനത് ഫണ്ട് വകയിരുത്തി പദ്ധതി വിഭാവനം ചെയ്തത്. ഇത് പ്രകാരം GEM ൽ നിന്നും "Acer Intel Core I3, 14 Inch, Windos 10 Home"സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പ് വാങ്ങുകയും (ഡെലിവറി Date 25-02-22) ഇത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആശുപത്രിയിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ ആശുപത്രിയിലേക്ക് ഹോമിയോ ഡിപ്പാർട്ട്മെന്റിൽ നിന്നും 29-01-22 ന് ഒരു ഡെസ്ക് ടോപ്പ് ലഭ്യമായിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി ആസൂത്രണ വേളയിൽ ഹോമിയോ ആശുപത്രിയിൽ പ്രവർത്തനക്ഷമമായ കംപ്യൂട്ടർ ലഭ്യമായിരുന്നില്ല എന്ന വസ്തുത ശരിയായിരിക്കെയെങ്കിലും പദ്ധതി കാലയളവിൽ തന്നെയും എന്നാൽ പഞ്ചായത്ത് പദ്ധതി പ്രകാരമുള്ള ലാപ്ടോപ്പ് ലഭ്യമാവുന്നതിന് മുൻപും ഡിപ്പാർട്ട്മെന്റിൽ നിന്നും ഹോമിയോ ആശുപത്രിയിലേക്ക് ആവശ്യമായ കംപ്യൂട്ടർ ലഭ്യമായ സാഹചര്യത്തിൽ തനത് ഫണ്ട് വകയിരുത്തി വാങ്ങിയ ലാപ്ടോപ്പ് ആശുപത്രിയിൽ ആവശ്യമില്ല എന്നിരിക്കെ ഇത് പഞ്ചായത്തിൽ കംപ്യൂട്ടർ ആവശ്യമായ സെക്ഷനോ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥനോ ആർക്കാണ് പുതിയ സിസ്റ്റം വാങ്ങാനായി പദ്ധതി ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത് എന്നത് പരിഗണിച്ച് അവർക്ക് ഇത് അനുവദിക്കാവുന്നതാണ്. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതിയിലൂടെ വാങ്ങുന്ന കംപ്യൂട്ടറുകളും മറ്റും പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി മാസ്റ്റർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മാസ്റ്റർ സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ ഘടക സ്ഥാപനങ്ങളിൽ പഞ്ചായത്ത് പദ്ധതിയിലൂടെ വാങ്ങിയ ഇലക്ട്രോണിക് അനുബന്ധ ഉപകരണങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല. ഇതിനാൽ ഇപ്രകാരം വാങ്ങി നൽകിയ ഇലക്ട്രോണിക് അനുബന്ധ ഉപകരണങ്ങളുടെ വാറന്റി കാലാവധിയെ കുറിച്ചോ വാറന്റി കഴിഞ്ഞവയ്ക്ക് എ.എം.സി വയ്ക്കുന്നതിന്റെയോ ആവശ്യകത

മനസിലാക്കുന്നതിനോ പഞ്ചായത്തിന് കഴിയാതെ വരുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## I-20 ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

ഫിഷറീസ് സബ് ഇൻസ്പെക്ടർ തൻവർഷം 2 സ്പിൽ ഓവർ പദ്ധതികൾ വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | കുളത്തിലെ കരിമീൻകൃഷി<br>പ്രൊജക്ട് നമ്പർ – 104/21-22 | 180000 | 80000<br>(ബിൽ 29/6.9.21 ) |
| 2 | വീട്ടു വളപ്പിൽ പടുതാകുളത്തിലെ മത്സ്യകൃഷി<br>പ്രൊജക്ട് നമ്പർ – 105/21-22 | 369000 | 93280<br>(ബിൽ 28/6.9.21 ) |

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) രേഖകൾ ഹാജരാക്കിയില്ല

ക്രമ നമ്പർ 1 പ്രകാരം 2 മത്സ്യകർഷകർക്കും ക്രമ നമ്പർ 2 പ്രകാരം 3 കർഷകർക്കുമാണ് ധനസഹായം നൽകിയത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.05.2020 ലെ സ.ഉ (സാധാ) നം.1009/2020 പ്രകാരം യൂണിറ്റ് കോസ്റ്റിന്റെ 40% ആണ് സബ്സിഡിക്ക് അർഹത. സബ്സിഡിയുടെ മൂന്നിൽ രണ്ട് ഭാഗം ഗ്രാമപഞ്ചായത്തും മൂന്നിൽ ഒരു ഭാഗം ഫിഷറീസ് വകുപ്പും വഹിക്കണം. എന്നാൽ ഗുണഭോക്താക്കളുടെ പദ്ധതി ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) സബ്സിഡി അധികം നൽകി

ക്രമ നമ്പർ 1 പ്രകാരം നാരായണൻ ചാമവളപ്പിൽ എന്ന ഗുണഭോക്താവിന് 40000 രൂപ പദ്ധതി വിഹിതത്തിൽ നിന്ന് സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ചെലവ് രേഖകളുടെ സംക്ഷിപ്തം പ്രകാരം (ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല) ആകെ ചെലവ് തുക 15099 രൂപയാണ്. ഇത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകാവുന്ന സബ്സിഡി തുക 30693 രൂപയാണ് (15099X40/100X ( 2/3) . 9307 രൂപ സബ്സിഡിയിനത്തിൽ അധികം നൽകിയതായി കാണുന്നു.

ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും അപാകതകൾക്ക് മറുപടി നൽകേണ്ടതുമാണ്. ആകെ ചെലവഴിച്ച 173280 രൂപ തടസ്സത്തിൽ വെക്കുന്നു.

## I-21 പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ -അപാകതകൾ

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നമ്പർ – 85/21-22

ചെലവ് – 352260 (310000എസ്.സി.പി+42260തനതുഫണ്ട് )

പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന പൊതുമേഖല സ്ഥാപനത്തിൽ നിന്ന് ജിഐ പൈപ്പ്, ക്ലാമ്പ് ഇടങ്ങിയ ആക്സസറീസ് ഉൾപ്പെടെ 114 എണ്ണം 30 വാട്ട് ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ 3090രൂപ നിരക്കിൽ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. 24.1.2021 ൽ ഗ്രാമപഞ്ചായത്ത് , നടുവണ്ണൂർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷനയച്ച കത്തിൽ വിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങളും വിളക്കുകൾ പുതിയത് സ്ഥാപിക്കുന്നതാണോ പ്രകാശിക്കാത്തത് മാറ്റി സ്ഥാപിക്കുന്നതാണോ എന്നുള്ള സംബന്ധിച്ച വിവരങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. (കെ.എസ്.ഇ.ബി ആവശ്യപ്പെട്ട പ്രകാരം നൽകിയത്) ഇതിൽ 46 വിളക്കുകൾ പുതുതായി സ്ഥാപിച്ചതും 68 വിളക്കുകൾ പഴയത് മാറ്റി സ്ഥാപിച്ചതുമാണ്. പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പുതുതായി സ്ഥാപിച്ച വിളക്കിനും പഴയത് മാറ്റി സ്ഥാപിച്ചതിനും ഒരേ നിരക്കാണ് നൽകിയത്. പഴയ ആക്സസറികൾ അഴിച്ച് മാറ്റി സ്റ്റോക്കിലെടുത്തിട്ടില്ല.

2) ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ കാണിക്കുന്ന തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് സെക്രട്ടറി നൽകിയ മറുപടിയിൽ 114 എണ്ണവും പുതുതായി സ്ഥാപിച്ചവയാണെന്നും പഴയ വിളക്കുകളുടെ ഭാഗങ്ങൾ അഴിച്ചെടുത്ത് പഞ്ചായത്തിൽ സൂക്ഷിച്ച് മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്യു വരുന്നതായും മറുപടി നൽകിയിട്ടുണ്ട്. ഈ മറുപടി ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി-ക്ക് നൽകിയ കത്തിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. അഴിച്ചെടുത്ത പഴയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം വ്യക്തമായ മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-22 ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 166, പട്ടിക 3 പ്രകാരം കുടിൽ/ ഗ്രാമീണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക, കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത/ചെറുകിട വ്യവസായങ്ങളെ വികസിപ്പിക്കുക ഇടങ്ങിയവ ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഉൾപ്പെടുന്നതാണ്. 29.01.2018ലെ സ.ഉ (കൈ) നം. 11/2018/ തസ്വഭവ ഖണ്ഡിക 7.4 പ്രകാരം ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനവും പരിശീലനവും നൽകുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. എന്നാൽ ഈ വർഷം വിഇഒ നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയതായി കാണുന്നില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-23 പട്ടികജാതി യുവ പഠിതാക്കൾക്ക് ലാപ്ടോപ്പ് നൽകിയതിൽ അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നമ്പർ – 30/21-22

അടങ്കൽ – 1024750

ചെലവ് – 1024750 (ബിൽ നം. 287/23.03.22)

വിവിധ ബിരുദ /ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ട 25 യുവതീ-യുവാക്കൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. ജെം മുഖേന തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന ഐ.ടി പ്രൊഫഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നാണ് ലാപ്ടോപ്പുകൾ വാങ്ങി നൽകിയത്. 40990 രൂപ വീതം വിലയുള്ള 4 ജിബി ഏസർ ലാപ്ടോപ്പുകളാണ് വാങ്ങിയിട്ടുള്ളത്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 13.04.2022 നാണ് ലാപ്ടോപ്പുകൾ വിതരണം ചെയ്തത്. എന്നാൽ പഠനാവശ്യത്തിന് ഉപകരിക്കുന്ന രീതിയിലല്ല പല പഠിതാക്കൾക്കും ലാപ്ടോപ്പ് വിതരണം ചെയ്തിരിക്കുന്നത്. സ.ഉ (കൈ) നം. 22/2018/തസ്വഭവ തി.14.02.2018 ഖണ്ഡിക 7.2.7 പ്രകാരം സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്കാണ് ആനുകൂല്യത്തിന് അർഹത. എന്നാൽ 10 ഗുണഭോക്താക്കൾക്ക് പഠനം പൂർത്തിയാക്കിയശേഷമാണ് ലാപ്ടോപ്പ് വിതരണം ചെയ്തിരിക്കുന്നത്. ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമനം. | പേര് | കോഴ്സ് കാലാവധി | ലാപ്ടോപ് കൈപ്പറ്റിയ തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | അമൽകൃഷ്ണ പി.എം. ബി.എ സംസ്കൃതം | 202021 മുതൽ 2021-22 വരെ | 13.4.22 | കോഴ്സ് കാലാവധി കഴിഞ്ഞ് ലാപ്ടോപ് വിതരണം ചെയ്തു |

| | | | | |
|---|---|---|---|---|
| | ശ്രീശങ്കരാചാര്യ സംസ്കൃത കോളേജ് കൊയിലാണ്ടി | | | |
| 2 | ശ്രേയ സി.കെ, എം.എസ്.സി ബോട്ടണി, ഗുരുവായൂരപ്പൻ കോളേജ് കോഴിക്കോട് | 202021 മുതൽ 2021-22 വരെ | 13.4.22 | കോഴ്സ് കാലാവധി കഴിഞ്ഞ് ലാപ്ടോപ് വിതരണം ചെയ്തു |
| 3 | റിതിനരാജൻ , ബി.എ സംസ്കൃതം, ശ്രീശങ്കരാചാര്യ സംസ്കൃത കോളേജ് കൊയിലാണ്ടി | 2019-20 മുതൽ 2021-22 വരെ | 13.4.22 | കോഴ്സ് കാലാവധി കഴിഞ്ഞ് ലാപ്ടോപ് വിതരണം ചെയ്തു |

കോഴ്സിന്റെ ആരംഭ വർഷം തന്നെ ലാപ്ടോപ്പ് നൽകിയാൽ മാത്രമേ പ്രൊജക്ടിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിയൂ. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന് നിശ്ചയിച്ച മാനദണ്ഡങ്ങളാണ് അപാകതകൾക്ക് കാരണം.

ഇതുവഴി പദ്ധതി പണം ഉദ്ദേശിച്ച ലക്ഷ്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് സെക്രട്ടറി നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയല്ല കാലതാമസത്തിന് കാരണമെന്നും ലാപ്ടോപ്പുകൾ തുടർന്നും പഠനാവശ്യത്തിന് ഉപയോഗിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പഠിതാക്കൾക്ക് കോഴ്സിന്റെ ആരംഭ വർഷത്തിൽ ലാപ്ടോപ്പ് നൽകാതിരുന്നതാണ് അപാകതകൾക്ക് കാരണം. കോഴ്സിന്റെ തുടർന്നുള്ള പഠനത്തിന് ഉപയോഗിക്കുകയല്ല പദ്ധതിയുടെ ലക്ഷ്യം . പഠിതാക്കൾക്ക് പഠന സമയത്ത് ഉപകരിക്കുന്ന രീതിയിൽ പ്രൊജക്ട് വെച്ച് ലാപ്ടോപ് വിതരണം ചെയ്യാതിരുന്നതിന് വ്യക്തമായ മറുപടി നൽകി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-24 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

### (എ) മുട്ടക്കോഴി വിതരണം (വനിത) – രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

അടങ്കൽ – 193800

ചെലവ് – 193800 (ബിൽ നമ്പർ – 45/22.9.21 )

മേൽ പദ്ധതി പ്രകാരം 323 ഗുണഭോക്താക്കൾക്ക് 5 വീതം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് വികസനഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. കണ്ണൂർ എഗ്ഗർ നഴ്സറിയിൽ നിന്നാണ് 45-60 ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയത്. എന്നാൽ കോഴിക്കുഞ്ഞുങ്ങളെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിതരണ രജിസ്റ്റർ, ഗുണഭോക്താക്കൾ ഒപ്പു വെച്ചു കൈപ്പറ്റിയതിനുള്ള രേഖകൾ എന്നിവ സൂക്ഷിച്ചിട്ടില്ല. മുൻവർഷങ്ങളിൽ ആനുകൂല്യം നൽകിയവർക്ക് തന്നെ വീണ്ടും ആനുകൂല്യം നൽകുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ രേഖകൾ വെറ്ററിനറി സർജൻ സൂക്ഷിക്കുന്നില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. 193800 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

### (ബി) മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി

തദ്വർഷം വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതി (പ്രൊജക്ട് നം. 66/21-22), മുട്ടക്കോഴി വിതരണം (106/21-22 ), കിടാരി വിതരണം (പ്രൊജക്ട് നം. 108/21-22) , പോത്തുകുട്ടി വളർത്തൽ (പ്രൊജക്ട് നം. 107/21-22 ) , പശു വിതരണം , എസ്.സി (പ്രൊജക്ട് നം. 78/21-22) എന്നീ പ്രൊജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതായി കാണുന്നു. സ.ഉ(കൈ) നം.1/2018 തസ്വഭവ, തീ.29.01.2018 ഖണ്ഡിക 6.3 പ്രകാരം വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് വനിതാ ഘടക പദ്ധതി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതാണ്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. വനിതകൾക്കും പുരുഷന്മാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ മേൽപ്പറഞ്ഞ മൃഗസംരക്ഷണ മേഖലയിലെ പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വനിതാ ഘടക പദ്ധതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാതെ മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ വനിതാഘടക പദ്ധതിയിലുൾപ്പെടുത്തിയതിന് മറുപടി നൽകേണ്ടതും ഭാവിയിൽ ഇത്തരം

പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## I-25 ഹോമിയോ ആശുപത്രി– മരുന്ന് ലഭ്യമായില്ല.

പ്രോജക്ട് നം– 52/21-22 (ഹോമിയോ ആശുപത്രിയിലേക്ക് മരുന്നും അനുബന്ധ വസ്തുക്കളും വാങ്ങൽ)

വകയിരുത്തിയ തുക -250000/-

ചെലവ് തുക - 250000/-

Bill. No - ..7757 Dtd 22/02/2022

ഹോമിയോ ആശുപത്രിയിലേക്ക് 250000/- രൂപയുടെ മരുന്നുകൾ വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഇതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയ്ക്ക് (ഹോംകോ) 250000/- രൂപ മേൽ പരാമർശിച്ച ബിൽ പ്രകാരം കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് പീരീഡ് വരെയും 126602/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. പദ്ധതിക്ക് സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ ഡി.പി.സി അപ്രൂവൽ ലഭ്യമായിട്ടും ഹോംകോയ്ക്ക് തുക കൈമാറിയത് സാമ്പത്തിക വർഷം അവസാനം മാത്രമാണ്. ഇതിനാൽ തന്നെ മരുന്ന് ലഭ്യമാവാൻ കാലതാമസമുണ്ടായി. ലഭ്യമാക്കാൻ ബാക്കിയുള്ള 123398 രൂപയ്ക്ക് മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും മരുന്ന് വാങ്ങുന്നതിനായി ഹോംകോയ്ക്ക് തുക കൈമാറാൻ സാമ്പത്തിക വർഷാവസാനമാവാൻ ഇടയാക്കിയ കാരണങ്ങളും വിശദീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കി അറിയിക്കുന്നതുവരെ 123398 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## I-26 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല.

വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ B-19 പ്രകാരവും പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പ്രകാരവും ചുവടെ കൊടുത്ത വ്യക്തികൾ ഫെസ്റ്റിവൽ അഡ്വാൻസ് കൈപ്പറ്റി പത്ത് വർഷത്തോളമായിട്ടും തുക മുഴുവൻ തിരികെ അടവാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | പേര് | തിരിച്ചടയ്ക്കാനുള്ള തുക |
|---|---|---|
| 2011-12 | ശ്രീജിത്ത് (സെക്രട്ടറി) | 3400 |
| 2012-13 | (പേര് രേഖപ്പെടുത്തിയിട്ടില്ല) പി.ടി.എസ് | 800 |

അഡ്വാൻസ് കൈപ്പറ്റിയ പി.ടി.എസിന്റെ പേര് വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അഡ്വാൻസ് കൈപ്പറ്റി പത്ത് വർഷത്തോളമായിട്ടും അഡ്വാൻസ് തിരിച്ചടവാക്കാത്തതിന് തുക കൈപ്പറ്റിയവരിൽ നിന്നും വിശദീകരണം വാങ്ങേണ്ടതും കുടിശ്ശിക തുകയ്ക്ക് വർഷം 18% എന്ന നിരക്കിൽ പിഴയീടാക്കേണ്ടതുമാണ്. ഇതിനായി ഇവർ നിലവിൽ ഏത് ഓഫീസിലാണ് ജോലി ചെയ്യുന്നത് എന്ന വിവരം ഡി.ഡി.പി ഓഫീസിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. നാളിതുവരെ അഡ്വാൻസ് തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതും തുക പിഴ സഹിതം ഈടാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## I-27 മാലിന്യനിർമ്മാർജ്ജന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം –91/22

പ്രോജക്ടിന്റെ പേര്– "നിർമ്മലം ഉർവ്വരം എന്റെ ഉള്ളിയേരി"

നിർവ്വഹണ ഉദ്യോഗസ്ഥൻ– വി.ഇ.ഒ

വകയിരുത്തിയ തുക –241088/- (CFC-Grand)

ചെലവഴിച്ച തുക – 212422/-

Bill No.– 9/22 Dtd 22/03/22, Rs.66880/–

Bill No –10/22 Dtd 24/03/22, Rs. 145542/–

ഉള്ളിയേരി ഗ്രാമപഞ്ചായത്തിന്റെ ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി പഞ്ചായത്തിന്റെ 25/06/21 ലെ 2/126/21 നമ്പർ തീരുമാന പ്രകാരം മാലിന്യ സംസ്കരണത്തിന് "കേരള ഗ്രാമ നിർമ്മാണ സമിതി, Green Worms Eco Solution എന്ന സ്ഥാപനവുമായി എഗ്രിമെന്റ് വെക്കുന്നതിനും ഹരിത സഹായ സ്ഥാപനമായി "കേരള ഗ്രാമനിർമ്മാണ സമിതിയെ" തെരഞ്ഞെടുക്കുന്നതിനും തീരുമാനിച്ചു. ഇതിനായി "കേരള ഗ്രാമനിർമ്മാണ സമിതിയ്ക്ക്" (ബിൽ നം.10/22പ്രകാരം) 145542/-രൂപ പദ്ധതി പ്രകാരം കൈമാറുകയും കുടുംബശ്രീയുടെ (ബിൽ നം .9/22) ഹരിത കർമ്മസേനയ്ക്ക് യൂണിഫോം അനുബന്ധ ഉപകരണങ്ങൾ വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. മേൽ സ്ഥാപനവുമായി 19/07/2021 ന് പഞ്ചായത്തിന് വേണ്ടി സെക്രട്ടറി കരാർ വച്ചിട്ടുണ്ട്. കരാർ പ്രകാരം "കേരള

ഗ്രാമ നിർമ്മാണ സമിതി", ഉള്ളിക്കൽ ഗ്രാമ പഞ്ചായത്തിൽ അജൈവ മാലിന്യ സംസ്കരണ മേഖലയിൽ ശാസ്ത്രീയമായി പ്രവർത്തനം നടത്തുന്ന "ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് " എന്ന എൽ.എൽ.പി യുമായി ചേർന്ന് കൺസോർഷ്യമായി പ്രവർത്തിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഇത് സംബന്ധിച്ച് തയ്യാറാക്കിയ കരാറിൽ രണ്ടാം കക്ഷിയായ "കേരള ഗ്രാമ നിർമ്മാണ സമിതി" ഡി.പി.ആർ തയ്യാറാക്കണമെന്നും ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജലാശയങ്ങളുടെ ശുചിത്വ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് സമർപ്പിക്കണമെന്നും അത് നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക നേതൃത്വം വഹിക്കുകയും ചെയ്യേണ്ടതാണ് എന്നും പറയുന്നു. എന്നാൽ ഇപ്രകാരമുള്ള ഡി.പി.ആറോ ജലാശയങ്ങളുടെ ശുചിത്വ അവസ്ഥ സംബന്ധിച്ച റിപ്പോർട്ടോ ലഭ്യമാക്കിയ പ്രവർത്തന റിപ്പോർട്ടിലില്ല.

ഗ്രാമപഞ്ചായത്തിന്റെ 25/06/21 ലെ 2/126/21 നമ്പർ തീരുമാന പ്രകാരം ഉള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ അജൈവ മാലിന്യ സംസ്കരണം പദ്ധതി നടപ്പിലാക്കുന്നതിനായി "ഗ്രീൻ വേം ഇക്കോ സൊല്യൂഷൻസ് "എന്ന സ്ഥാപനവുമായി എഗ്രിമെന്റ് വെയ്ക്കുന്നതിന് തീരുമാനിക്കുകയും 30-06-2021ന് ഇവരുമായി സെക്രട്ടറി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. 15/7/2017ലെ സ.ഉ(സാധാ) നം.24240/2017/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള 'ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾ', 12-08-2020ലെ സ.ഉ(സാധാ) നം.1496/2020/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള 'ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗ രേഖ' എന്നിവയിൽ മാലിന്യ സംസ്കരണത്തിന് ഹരിത സഹായ സംഘങ്ങളെ ചുമതലപ്പെടുത്തുന്നതിന്റെ ആവശ്യകത നിർദ്ദേശിക്കുന്നുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ഹരിത കർമ്മ സേന സംഘങ്ങൾക്ക് സാങ്കേതികത്വം, സ്വയം പര്യാപ്തത എന്നിവ കൈവരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി ഏർപ്പെടുത്തി കൊടുക്കുന്ന സാങ്കേതിക ഏജൻസികളാണ് ഹരിത സഹായ സ്ഥാപനങ്ങൾ എന്ന് കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. എന്നാൽ 'ഗ്രീൻ വേം ഇക്കോ സൊല്യൂഷൻസ് ' എന്ന എൽ.എൽ.പി യുമായുണ്ടാക്കിയ കരാർ വ്യവസ്ഥ പ്രകാരം പഞ്ചായത്തിലെ അജൈവ മാലിന്യം (Except Biomedical, Sanitary Napkin, Diaper) സ്ഥാപനം പൂർണ്ണമായും ഏറ്റെടുക്കുന്നതും ഇതിനായി നിലവിലെ ഹരിത കർമ്മസേനാംഗങ്ങളെ ഉൾപ്പെടുത്തുന്നതാണ് എന്നും പറയുന്നു. കരാർ പ്രകാരം ഹരിത കർമ്മസേന പിരിക്കുന്ന യൂസർഫീ മുഴുവനും ഹരിതകർമ്മസേന അക്കൗണ്ട് വഴി Green Worms Eco Solutions LLPയുടെ അക്കൗണ്ടിലേക്ക് നൽകണമെന്നും ഹരിതകർമ്മ സേനയ്ക്ക് വേതനം നൽകുന്നത് രണ്ടാം കക്ഷിയായ Green Worms Eco Solutions എന്ന സ്ഥാപനമായിരിക്കുമെന്നും മാസത്തിൽ 26 ദിവസം തൊഴിൽ ചെയ്യുന്നവർക്ക് സ്ഥാപനം 10000/-രൂപ നൽകുന്നതാണ് എന്നും വ്യവസ്ഥ ചെയ്യുന്നു. ഇപ്രകാരം ശേഖരിച്ച മാലിന്യം രണ്ടാം കക്ഷിയുടെ അധീനതയിലുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിലേയ്ക്ക് മാറ്റുന്നതായിരിക്കും എന്നും അവിടെ വച്ച് ഇവ തരം തിരിച്ച് റീസൈക്ലിംഗ് ഏജൻസികൾക്ക് കൈമാറുമെന്നും റീസൈക്കിൾ സാധിക്കാത്തവ ശാസ്ത്രീയമായി സംസ്കരിക്കുമെന്നും ഈ അജൈവമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനായി യാതൊരു വിധത്തിലുള്ള പണവും പഞ്ചായത്ത് ഈ സ്ഥാപനത്തിനും സ്ഥാപനം പഞ്ചായത്തിനും നൽകേണ്ടതില്ല എന്നും രണ്ട് വർഷ കാലാവധിയുള്ള ഈ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

Green Worms Eco Solutions ഉമായുണ്ടാക്കിയ ഈ കരാർ പ്രകാരം 2021ഒക്ടോബർ മുതൽ ഹരിത കർമ്മസേന മാലിന്യ ശേഖരണം നടത്തുകയും സ്ഥാപനം അവരുടെ വാഹനത്തിൽ ഇത് കയറ്റിക്കൊണ്ട് പോവുകയും ഹരിത കർമ്മ സേന യൂസർഫീ പിരിച്ച് സ്ഥാപനത്തിന് കൈമാറുകയും സ്ഥാപനം ഹരിതകർമ്മ സേനയ്ക്ക് ശമ്പളം നൽകിവരികയും ചെയ്തു വരുന്നുണ്ട്.

പഞ്ചായത്ത് 'Green Worms Eco Solutions' -മായുണ്ടാക്കിയ കരാറിലും പഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജന പദ്ധതി നിർവ്വഹണത്തിലും ഹരിത കർമ്മസേനാ പ്രവർത്തനങ്ങളിലും കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) മേൽ പരാമർശിച്ച 15/07/2017 ലെ സ.ഉ(സാധാ)നം.2420/2017/തസ്വഭവ നമ്പർ ഉത്തരവിലും 12/08/2020 ലെ സ.ഉ(സാധാ)നം.1496/2020/ തസ്വഭവ ഉത്തരവിലും ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം വിഭാവനം ചെയ്തിട്ടുള്ളത് ഹരിത കർമ്മസേനയെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള കൺസൾട്ടന്റുമാരായിട്ടാണ്. കൂടാതെ എം.സി.എഫുകൾ നിറഞ്ഞ് പ്രവർത്തനം നിലയ്ക്കാതിരിക്കുന്നതിനായി ഏജൻസികളുമായി കരാർ വയ്ക്കാവുന്നതാണ് എന്നുമാണ് മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നത്. ഇതിന്റെ പ്രവർത്തനത്തിനുള്ള തുക നൽകേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനമാണ് എന്നും നിർദ്ദേശിക്കുന്നു. എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി ഹരിതകർമ്മ സേന പിരിക്കുന്ന യൂസർഫീ മുഴുവൻ ശുചിത്വ മിഷൻ അംഗീകൃത എൽ.എൽ.പി യായ 'Green Worms Eco Solutions' എന്ന സ്ഥാപനത്തിന് കൈമാറുന്നതിനും സേനയ്ക്ക് പ്രവർത്തിക്കുന്ന ദിവസം 385/-രൂപ നിരക്കിൽ സ്ഥാപനം വേതനം നൽകുന്നതാണെന്നുമുള്ള നിബന്ധന വച്ച് ഈ സ്ഥാപനവുമായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളിലില്ലാത്ത വ്യവസ്ഥകളോടെ കരാറുണ്ടാക്കാൻ ഭരണസമിതി തീരുമാനമെടുക്കുകയും സെക്രട്ടറി കരാറുണ്ടാക്കുകയും ചെയ്തു.

2) 'Green Worms Eco Solutions' -മായുണ്ടാക്കിയ കരാർ പ്രകാരം മാസം 26 ദിവസം തൊഴിൽ ചെയ്യുന്നവർക്ക് 10000/- രൂപ വീതം നൽകുന്നതാണ് എന്ന് പറയുന്നു. അതായത് വേതന വർദ്ധനവിനനുസരിച്ച് ദിവസവേതനത്തിൽ വർദ്ധനയുണ്ടാവുകയില്ല എന്ന് ഈ വ്യവസ്ഥയിൽ നിന്നും വ്യക്തമാണ്. ഹരിത കർമ്മസേനയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു മാസം 16ദിവസത്തിലധികം തൊഴിൽ ദിനങ്ങൾ ഒരാൾക്ക് ലഭിച്ചിട്ടില്ല എന്ന് കാണുന്നു.

3) ഈ കരാർ പ്രകാരം Green Worms Eco Solutions എന്ന സ്ഥാപനത്തിന് വേണ്ടി യൂസർ ഫീ പിരിച്ച് നൽകലും അജൈവ മാലിന്യം ശേഖരിച്ച് നൽകലും മാത്രമാണ് ഹരിത കർമ്മ സേനയുടെ ജോലി. ഇതിനായി പ്രവർത്തിക്കുന്ന ദിവസങ്ങളിലെ വേതനം ഹരിത കർമ്മസേനയ്ക്ക് ഈ സ്ഥാപനം നൽകും. അതായത് സ്ഥാപനത്തിന് വേണ്ടി കൂലിയ്ക്ക് മാലിന്യം ശേഖരിക്കലും യൂസർഫീ പിരിക്കലും മാത്രമായി ഹരിത കർമ്മസേനയുടെ ജോലി. ഇപ്രകാരം കരാറുണ്ടാക്കിയതിലൂടെ പഞ്ചായത്ത് മാലിന്യ നിർമ്മാർജ്ജന ഉത്തരവാദിത്തങ്ങളിൽ നിന്നും പൂർണ്ണമായും ഒഴിവാകുന്ന സ്ഥിതി വിശേഷമാണുണ്ടായിരുന്നത്. ഇത് സർക്കാരിന്റെ പ്രധാന മിഷനുകളിലൊന്നായ ഹരിത കേരള മിഷന്റെ മാർഗ്ഗരേഖയ്ക്കും ഹരിതകർമ്മ സേനാ രൂപീകരണ കാഴ്ചപ്പാടിനും വിരുദ്ധമായ നിലപാടാണ്.

4) മേൽ കരാർ പ്രകാരം നാളിതുവരെ എത്ര രൂപ യൂസർ ഫീയായി പിരിച്ചു എന്നോ എത്ര രൂപ കൂലിയിനത്തിൽ ഹരിത കർമ്മസേനയ്ക്ക് ലഭിച്ചു എന്നോ വേർതിരിച്ച മാലിന്യങ്ങൾ വിൽപന നടത്തി എത്ര തുക ലഭിച്ചുവെന്നോ ഉള്ള കണക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യുടെ ഓഫീസിലോ കരാർ വച്ച സെക്രട്ടറിയുടെ കൈവശമോ ലഭ്യമല്ല.

5) സ്ഥാപനം കയറ്റി കൊണ്ടു പോവുന്ന വേസ്റ്റ് താമരശ്ശേരിയിലെ വെയ്ബ്രിഡ്ജിൽ നിന്നാണ് തൂക്കം നോക്കുന്നത്. ഇത് പഞ്ചായത്തിന്റെ ഉത്തരവാദിത്തപ്പെട്ട ഒരു ഘടകവും പരിശോധിക്കുന്നില്ല. സെഗ്രഗേറ്റ് ചെയ്യാത്ത വേസ്റ്റ് ആയതിനാൽ ഇതിൽ എത്ര റിജക്ട് വേസ്റ്റ് ഉണ്ട് എന്നോ എത്ര കിലോ റീയൂസബിൾ വേസ്റ്റ് വില്പന ചെയ്യുവാൻ ഉണ്ട് എന്നോ ഉള്ള പരിശോധന നടത്തുന്നതിന് ഇതിനാൽ കഴിയാതെ വരുന്നു.

6) 10000/-രൂപ ശമ്പളം ലഭിക്കുമെന്ന് കരാറിലും ഇത് സംബന്ധിച്ച് നടത്തിയ യോഗങ്ങളിലും ഹരിതകർമ്മസേനയോട് പറയുകയും എന്നാൽ ഈ തുക ഹരിത കർമ്മസേനയ്ക്ക് കിട്ടുന്നില്ല എന്നും മുൻപ് കൃത്യമായി ഇതിലും വേതനം കിട്ടിയിരുന്നു എന്നും ഹരിതകർമ്മസേനയുടെ 24/11/2021 ലെ യോഗ മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മാസത്തിൽ 26 ദിവസം ജോലിയുണ്ടാവുമെന്ന് പറഞ്ഞിരുന്നു എങ്കിലും ആകെയുള്ള 19 സേനാംഗങ്ങൾക്ക് കരാറിൽ വ്യവസ്ഥ ചെയ്ത പോലെ പണി കിട്ടുന്നില്ല എന്നും മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

7) ഹരിത കർമ്മ സേനയിൽ നിന്നും ലഭ്യമാക്കിയ കണക്കനുസരിച്ച് 2021ഒക്ടോബർ മുതൽ 2022 നവമ്പർ വരെ (13മാസങ്ങളിലെ) 2,241,859/-രൂപ യൂസർഫീ ഇനത്തിൽ ഹരിത കർമ്മസേന പിരിക്കുകയും 'Green Worms Eco Solutions' ന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഈ 13 മാസങ്ങളിലായി 1,140,665/-രൂപ വേതനയിനത്തിൽ ഹരിത കർമ്മസേനയ്ക്ക് സ്ഥാപനം നൽകുകയും ചെയ്തിട്ടുണ്ട്. അതായത് യൂസർഫീ ഇനത്തിലുള്ള വരവിന്റെ പകുതി തുകയോളം മാത്രമാണ് വേതനത്തിനായി ചെലവായിട്ടുള്ളത് എന്ന് കാണാം. യൂസർ ഫീ പിരിച്ച് നൽകിയ തുകയിൽ വേതനം കഴിച്ചുള്ള 1,101,194/-രൂപ മാലിന്യം കയറ്റിക്കൊണ്ടു പോവുന്നതിനും വേർതിരിക്കുന്നതിനുമാണോ സ്ഥാപനത്തിന് ചെലവായിട്ടുള്ളത് എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച വരവ്/ചെലവ് കണക്ക് സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. കൂടാതെ പുനരുപയോഗ അജൈവമാലിന്യ വില്പനയിലൂടെ ഈ കാലയളവിൽ ആകെ എത്ര തുക ലഭ്യമായിട്ടുണ്ട് എന്ന കണക്കും ഹരിത കർമ്മസേനയോ നിർവ്വഹണ ഉദ്യോഗസ്ഥനോ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല.

8) മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്.ഹരിത കർമ്മസേനയ്ക്ക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശേഖരിച്ച മാലിന്യങ്ങൾ താൽക്കാലികമായി സംഭരിക്കുന്നതിനും ഒരു വാർഡിൽ ഒരെണ്ണം എന്ന രീതിയിലോ ഓരോ ഹരിതകർമ്മസേന സംഘത്തിന് ഒരു വീതം എന്ന നിലയിലോ 150 ചതുരശ്ര അടിയിൽ കുറയാത്ത ഒരു മിനി എം.സി.എഫ് ഒരുക്കി നൽകേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ ഇത്തരത്തിൽ ഒരു മിനി എം.സി.എഫും പഞ്ചായത്ത് ഒരുക്കി നൽകിയിട്ടില്ല. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന് പുറക് വശം കോംപ്ലക്സിനോട് ചേർന്നാണ് പഞ്ചായത്തിൽ ആകെയുള്ള ഒരു എം.സി.എഫ് നിർമ്മിച്ചിട്ടുള്ളത്. ഈ എം.സി.എഫ് ൽ 20-12-22ന് സ്ഥല പരിശോധന നടത്തിയതിൽ യൂണിറ്റ് പ്രവർത്തിക്കാതെ പൂട്ടിയിട്ടതായും യൂണിറ്റിലേക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുകൾ നിലയിൽ നിന്നും മലിന ജലവും മറ്റും ലീക്ക് ചെയ്ത് ദുർഗന്ധം വമിക്കുന്ന രീതിയിൽ സ്ഥിതിചെയ്യുന്നതായി കണ്ടു. കൂടാതെ കെട്ടിടത്തിൽ ടോയിലറ്റ് സൌകര്യമോ വസ്ത്രം മാറുന്നതിനുള്ള സൌകര്യമോ ഇലക്ട്രിസിറ്റി സൗകര്യമോ ജല ലഭ്യതയോ ആരോഗ്യ പരിപാലന സൗകര്യമോ ഒരുക്കിയിട്ടില്ല എന്നും കണ്ടു. 2018 ൽ നിർമ്മിച്ച ഈ എം.സി.എഫ് പ്രവർത്തനക്ഷമമാക്കാൻ 2021-22 ൽ പദ്ധതി വെച്ചെങ്കിലും നടപ്പിലാക്കിയിട്ടില്ല. 2022-23 ൽ നിലവിൽ 601400/-രൂപയുടെ പദ്ധതി വച്ചിട്ടുണ്ട്. എന്നാൽ ഇതിനായി ഓഡിറ്റ് പീരിഡ് വരെ എസ്റ്റിമേറ്റ് എടുക്കുകയോ ഇതിലെ മാലിന്യം നീക്കുകയോ ചെയ്തിട്ടില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് അജൈവമാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുക എന്നതാണ് ഹരിതകർമ്മസേനയുടെ ചുമതല. ആർ.ആർ.എഫുകളിലേയ്ക്കുള്ള മാലിന്യ നീക്കം ഉറപ്പു വരുത്തേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. എം.സി.എഫ് പ്രവർത്തന ക്ഷമമല്ലാത്തതിനാലും മിനി എം.സി.എഫുകൾ ഇല്ലാത്തതിനാലും വാഹനം ഉൾപ്പെടെ മറ്റ് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാലും വാർഡുകളിൽ നിന്നും കലക്ട് ചെയ്യുന്ന മാലിന്യം സെഗ്രഗേറ്റ് ചെയ്യുന്നതിന് ഇതിനാൽ ഹരിത കർമ്മസേനയ്ക്ക് കഴിയാതെ വരുന്നു.

9) മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം ഹരിത കർമ്മ സേനയ്ക്ക് ഗതാഗത സൗകര്യം ഒരുക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. വാഹനം വാങ്ങി നൽകി ആവർത്തന ചെലവടക്കം വഹിക്കുകയോ, അല്ലാത്തപക്ഷം വാഹനം വാടകയ്ക്കെടുത്ത് നൽകുകയോ

ചെയ്യാവുന്നതാണ് എന്നും കൃത്യമായി പറയുന്നുണ്ട്. എന്നാൽ നാളിതുവരെ ഹരിതകർമ്മസേനയ്ക്ക് വാഹന സൗകര്യം ഒരുക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ഹരിതകർമ്മ സേന സ്വയം പര്യാപ്തമാവുന്നതിനും സ്വയം സംരംഭം എന്ന രീതിയിൽ വളർത്തിയെടുക്കുന്നതിനും മറ്റ് ഏജൻസികളുടെ ചൂഷണത്തിന് വിധേയരാവാതിരിക്കുന്നതിനെങ്കിലും ഇവർക്ക് പ്രവർത്തിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് ഒരുക്കി നൽകേണ്ടതാണ്. ഇത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്.

10) ഹരിത സംരംഭകർക്ക് വരുന്ന സാമ്പത്തിക ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ഹരിത സംരംഭകരുടെ ക്ഷേമത്തിനായി ഒരു നിശ്ചിത തുക ഓരോ സംരംഭകരുടെയും വരുമാനത്തിൽ (10%) നിന്നും കോർപ്പസ് ഫണ്ടായി സ്വരൂപിക്കേണ്ടതാണ്. എന്നാൽ കോർപ്പസ് ഫണ്ട് നീക്കിയിരിപ്പ് ഹരിത കർമ്മസേനയ്ക്കില്ല.

11) ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും സോഷ്യൽ ഓഡിറ്റ് നടന്നതായി കാണുന്നില്ല. ഇതിനായി ഒരു സോഷ്യൽ ഓഡിറ്റ് ടീമിനെ തെരഞ്ഞെടുത്ത് പരിശീലനം നൽകേണ്ടതായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനയുടെ സോഷ്യൽ ഓഡിറ്റ്, ഓഡിറ്റ് കാലയളവ് വരെ നടത്തിയിട്ടില്ല.

12) ഹരിത കർമ്മസേനയ്ക്ക് യൂസർഫീ പിരിക്കുന്നതിനായി 150 രസീത് പുസ്തകങ്ങൾ പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ ഇവയിൽ എത്ര രസീത് ബുക്കുകൾ ഉപയോഗിച്ചു എന്നോ രസീത് പ്രകാരമുള്ള വരവ് മുഴുവൻ അക്കൗണ്ടിലേക്ക് അടവാക്കിയെന്നോ ഉള്ളതിന്റെ പരിശോധന നടത്തുകയോ ഉപയോഗിച്ച് കഴിഞ്ഞ രസീത് സ്റ്റോക്ക് വിവരം പഞ്ചായത്തിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

13)ഹരിതകർമ്മ സേന അംഗങ്ങൾക്കുള്ള പരാതിയും പ്രവർത്തനങ്ങൾക്കിടയിലുണ്ടാകുന്ന ബുദ്ധിമുട്ടുകളും ചർച്ച ചെയ്യുന്നതിനും പരിഹാരം കാണുന്നതിനും ഒരു പരാതി പരിഹാര സമിതി പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ രൂപീകരിക്കേണ്ടതാണ്. എന്നാൽ ഇത്തരമൊരു സമിതി പഞ്ചായത്തിൽ രൂപികരിച്ചിട്ടില്ല.

14) ഹരിതകർമ്മസേനയെ ഡിജിറ്റലൈസ് ചെയ്ത് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി "ഹരിത മൊബൈൽ ആപ്പ്" പോലുള്ള പദ്ധതികളും ഹരിതകർമ്മസേനയ്ക്കായി വാഹനം വാങ്ങുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തില്ല.

പഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണത്തിനായി റിംഗ് കമ്പോസ്റ്റ് യൂണിറ്റ് വിതരണം ചെയ്യുന്നതിനായി 1,717,500/-രൂപയുടെ ഒരു പുതിയ പദ്ധതിയും 1932000/-രൂപയുടെ സ്പിൽ ഓവർ പദ്ധതിയും 2021-22 ൽ നടപ്പിലാക്കിയിട്ടുണ്ട്. അതായത് രണ്ട് പദ്ധതികൾക്കായി ആകെ 3,649,500/-രൂപ വകയിരുത്തുകയും 2,182800/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം ആകെ 1653 ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് യൂണിറ്റ് വിതരണവും ചെയ്തിട്ടുണ്ട്. എന്നാൽ അജൈവമാലിന്യ മേഖലയിൽ പഞ്ചായത്ത് ആകെ വകയിരുത്തിയിരിക്കുന്നത് 241,088/- രൂപയും ചെലവഴിച്ചിരിക്കുന്നത് 212,422/- രൂപയുമാണ്. ഇതിൽ നിന്നുതന്നെ പഞ്ചായത്ത് അജൈവ മാലിന്യ സംസ്കരണത്തിന് വേണ്ടത്ര മുൻഗണന നൽകുന്നില്ല എന്ന് വ്യക്തമാണ്. കുടിവെള്ളം/ശുചിത്വം/ഖരമാലിന്യ സംസ്കരണം എന്നീ പദ്ധതികൾക്കായി മാത്രം ഉപയോഗിക്കാവുന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റ് (പ്രത്യേക ഉദ്ദേശ്യം) വരവ് തുകയിൽ 2021-22വർഷം 4,737,116/- രൂപ ചെലവഴിക്കാതെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. കൂടാതെ മുൻവർഷത്തെ ടൈഡ് ഫണ്ട് വരവിൽ ചെലവഴിക്കാത്ത 1,077,083/-രൂപ ലാപ്സ് ആവുകയും ചെയ്തിട്ടുണ്ട്. അതായത് 2021-22 സാമ്പത്തിക വർഷം 58 ലക്ഷം രൂപ മാലിന്യ സംസ്കരണ മേഖലയിൽ ചെലവഴിക്കാമായിരുന്നിട്ടും തുക ചെലവഴിക്കാതെ 10 ലക്ഷം രൂപ ലാപ്സാവുകയാണ് ഉണ്ടായിട്ടുള്ളത്. മിനി എം.സി.എഫ് , എം.സി.എഫ് അറ്റകുറ്റപ്പണി, ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ, ഹരിതകർമ്മസേനയെ ഡിജിറ്റലൈസ് ചെയ്യുന്നതിനായി 'ഹരിത മൊബൈൽ ആപ്പ്' പോലുള്ള പദ്ധതികൾ, ബോട്ടിൽ ബൂത്തുകൾ തുടങ്ങിയ ശുചിത്വ/ഖരമാലിന്യ സംസ്കരണ പദ്ധതികൾ എന്നിവയ്ക്ക് ഈ തുക വകയിരുത്തി പദ്ധതികൾ നടപ്പിലാക്കാമെന്നിരിക്കെ ഇവയൊന്നും നടപ്പിലാക്കാതെ ജൈവമാലിന്യ സംസ്കരണത്തിനായി റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യുന്നതിന് മാത്രമായി 36 ലക്ഷം രൂപയിലധികം തുക വകയിരുത്തിയത് ശരിയായ നടപടിയല്ല. ഇതിനാൽ പഞ്ചായത്തിലെ ഏക എം.സി.എഫ് യൂണിറ്റിന്റെ അറ്റകുറ്റപ്പണി അടിയന്തിരമായി ചെയ്യേണ്ടതും ഇവിടെ സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതും ഹരിതകർമ്മസേനയ്ക്ക് വാഹനസൗകര്യം, മിനി എം.സി.എഫ് യൂണിറ്റുകൾ, ഹരിത മൊബൈൽ ആപ്പ് എന്നീ സൗകര്യങ്ങൾ ഒരുക്കി നൽകി ഹരിത കർമ്മസേനയെ സ്വതന്ത്ര സംരംഭങ്ങളായി പ്രവർത്തിക്കുവാനും സ്വയംപര്യാപ്ത കൈവരിക്കുവാനും ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങൾ ചെയ്യേണ്ടതുമാണ്. അപാകതകൾക്ക് വിശദ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-28 പഞ്ചായത്തിലെ ഡെപ്പോസിറ്റുകൾ സംബന്ധിച്ച അപാകതകൾ

1) ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നാളിതുവരെ മുതൽക്കൂട്ടിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | വർഷം | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുക |
|---|---|---|

| | | |
|---|---|---|
| Contractors Retention | Up To 2015 എന്ന് മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഡെപ്പോസിറ്റ് ചെയ്ത ആളുടെ വിവരവും ഡെപ്പോസിറ്റിന്റെ ആവശ്യകതയും രേഖപ്പെടുത്തിയിട്ടില്ല. | 18671 |
| Contractors EMD | 2013-14 മുതൽ 2017-18 വരെയുള്ള ഡെപ്പോസിറ്റുകൾ | 84390 |
| Suppliers EMD | 2012-13 മുതൽ 2018-19 വരെയുള്ള ഡെപ്പോസിറ്റുകൾ | 86574 |
| Bidders EMD | 2012-13 മുതൽ 2018-19 വരെയുള്ള ഡെപ്പോസിറ്റുകൾ | 906282 |
| ആകെ | | **1095917/-** |

ഇവ മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

2) <u>ഡെപ്പോസിറ്റുകൾ ഹെഡ് തെറ്റി പോസ്റ്റ് ചെയ്യുന്നു.</u>

ഡെപ്പോസിറ്റ് രജിസ്റ്ററിലെ Bidders Security Deposit എന്ന ശീർഷകത്തിൽ രണ്ട് ഷോപ്പ് റൂമുകളുടെ വാടക ഡെപ്പോസിറ്റ് തുകകൾ വരവ് വെച്ചിട്ടുള്ളതായി കാണുന്നു. വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ഡെപ്പോസിറ്റ് ചെയ്ത ആളുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത വർഷം | ഡെപ്പോസിറ്റ് ചെയ്ത ആവശ്യം | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|---|
| ബിന്ദു.കെ | 2012-13 | 200,000 | റൂം F12 |
| രാമകൃഷ്ണൻ | 2013-14 | 150,000 | Ist Floor Shop Room. |

3) Contractors Security Deposit എന്ന ഹെഡിൽ ഓപ്പണിംഗ് ബാലൻസായി Up To 2014-15 എന്ന് രേഖപ്പെടുത്തി 5808215 രൂപ കാണുന്നു. ഇത് ഏതിനത്തിലെ തുകയാണ് എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നീക്കിയിരിപ്പായി 5073904/-രൂപയാണുള്ളത്. ഈ ഹെഡിൽ നിന്നും റൂം വാടക ഡെപ്പോസിറ്റ് 844000/-രൂപ 2021-22 ൽ തിരിച്ച് നൽകിയിട്ടുണ്ട്. നീക്കിയിരിപ്പ് തുകകൾ ഡെപ്പോസിറ്റ് ചെയ്തവരുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4) <u>വാടക ഡെപ്പോസിറ്റ് ഹെഡിൽ നീക്കിയിരിപ്പ് കുറവ്</u>

അതായത് വാടക ഡെപ്പോസിറ്റ് തെറ്റായി ഈ ഹെഡിൽ പോസ്റ്റ് ചെയ്തതായി ഇതിൽ നിന്നും വ്യക്തമാണ്. വാടക ഡെപ്പോസിറ്റ് ഹെഡിൽ 250000/-രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. പഞ്ചായത്തിൽ ആകെ 38 വാടക മുറികൾ ഉണ്ട്. ഇവയുടെ വാടക ഡെപ്പോസിറ്റ് തുകകൾ ഓരോ മുറിയും എത്രയാണ് ഈടാക്കിയിട്ടുള്ളത് എന്ന് ഡെപ്പോസിറ്റ് രജിസ്റ്ററിലോ വാടക രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**<u>1-29 അങ്കണവാടികളുടെ സുരക്ഷയും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനുതകും വിധമുള്ള പ്രോജക്ടുകൾ തയ്യാറാക്കിയില്ല.</u>**

കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് 3-ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. സ.ഉ(കൈ)നം.11/2018 L.S.G.D Dtd.29-1-18ലെ 7.8.2 പ്രകാരം അങ്കണവാടികൾക്ക് കെട്ടിടം, കുടിവെള്ളം, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്. ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്തിൽ ആകെയുള്ള അങ്കണവാടികൾ | 30 |
| സ്വന്തമായി കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ | 16 |
| ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 1 |
| ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 5 |
| ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾ | 15 |

ഗ്രാമപഞ്ചായത്തിൽ മൂന്ന് വയസിനും ആറ് വയസിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ എണ്ണം 1053 ആണ്. 30 അങ്കണവാടികളിൽ 408 കുട്ടികൾ ഹാജരാകുന്നുണ്ട്. 22.03.2011 ലെ നം.31055/ഡിസി2/2011/തസ്വഭവ നമ്പർ കേരള സർക്കാർ സർക്കുലറിൽ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്.

സ.ഉ(കൈ)11/2018/തസ്വഭവ തീ. 29.01.2018 ലെ 6.6(v) ൽ അങ്കണവാടികൾ ഉൾപ്പെടെയുള്ള സാമൂഹ്യ ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കും, നിർമ്മാണത്തിനും ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ അടിസ്ഥാന സേവനങ്ങളുടെ സമ്പൂർണ്ണത ഉറപ്പുവരുത്തുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തും അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതി തയ്യാറാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. കൂടാതെ, മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്നും റോഡിതര മെയിന്റനൻസ് ഗ്രാന്റ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി പരിപാലിക്കുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള പ്രോജക്ടുകളാണ് തയ്യാറാക്കേണ്ടത് എന്നും നിഷ്കർഷിക്കുന്നു. (ഇതേ ഉത്തരവ് ഖണ്ഡിക 6.7(1), (4)).

കെട്ടിടം, കുടിവെള്ളം എന്നിവ ലഭ്യമല്ലാത്ത നിരവധി അങ്കണവാടികൾ ഗ്രാമ പഞ്ചായത്തിൽ ഉണ്ടെന്നിരിക്കെ ഇവയ്ക്ക് പ്രാധാന്യം നൽകുന്ന പദ്ധതികൾ പഞ്ചായത്തിൽ തയ്യാറാക്കി നടപ്പാക്കിയിട്ടില്ല. 2021-22 വർഷത്തിൽ ഒരു അങ്കണവാടിയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്.

അങ്കണവാടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുതകും വിധമുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും വേണ്ട മുൻഗണന നൽകേണ്ടതും, മേൽ പരാമർശിച്ച അങ്കണവാടികളുടെ സുരക്ഷയും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**1-30 കുടിവെള്ള വിതരണം- മോണിറ്ററിംഗിലെ അപാകതകൾ.**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ കുടിവെള്ള വിതരണം- തുക നൽകൽ (പ്രോജക്ട് നം. 145/22 ) എന്ന പദ്ധതി പ്രകാരം വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് 697766 രൂപ ചെലവഴിച്ചിട്ടുണ്ട്.(ബിൽ നമ്പർ 65/29.10.21, സി.എഫ്.സി ടൈഡ്) പദ്ധതിയുടെ ആസൂത്രണ-നിർവ്വഹണ- മോണിറ്ററിംഗ് ഘട്ടങ്ങളിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിലാണ് കരാറുകാരൻ കുടിവെള്ളം വിതരണം ചെയ്യുന്നതെങ്കിലും ജി.പി.എസ് ലോഗിനും റൂട്ട് മാപ്പിനും പകരം ജി.പി.എസ് ഡേ അബ്സ്ട്രാക്ട് പ്രകാരമുള്ള ദൂരം കണക്കാക്കിയാണ് തുക അനുവദിച്ചിട്ടുള്ളത്. കുടിവെള്ള വിതരണത്തിനല്ലാതെ കരാറുകാരൻ ജി.പി.എസ് ഘടിപ്പിച്ച വാഹനത്തിൽ നടത്തിയ ദൂരവും ജി.പി.എസ് ഡേ അബ്സ്ട്രാക്ടിൽ ഉൾപ്പെടുന്നതാണ്. കരാറുകാരൻ ക്ലെയിം ചെയ്ത ദൂരവും ജി.പി.എസ് ലോഗ് അബ്സ്ട്രാക്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ പട്ടികയിൽ ചേർക്കുന്നു.

| തിയ്യതി | വാഹനത്തിന്റെ നമ്പർ | ജി.പി.എസ് ലോഗ് അബ്സ്ട്രാക്ട് പ്രകാരമുള്ള ദൂരം | കരാറുകാരൻ ക്ലെയിം ചെയ്ത ദൂരം |
|---|---|---|---|
| 12.04.2021 | KL 7 BF 1349 | 28.55 | 28 |
| 12.04.2021 | KL 56 A 7653 | 362.53 | 32 |
| 12.04.2021 | KL 56 D 3645 | 381.05 | 29 |
| 06–05–2021 | KL 55 Q 776 | 99.24 | 130 |
| 06–05–2021 | KL 7 BF 1349 | 78.11 | 84 |
| 06–05–2021 | KL 56 A 7653 | 125.07 | 100 |

- കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് മൂന്നാം പട്ടിക പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക, കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതി സംവിധാനങ്ങളൊരുക്കലും, അവയുടെ നടത്തിപ്പും മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. വരൾച്ചാ കാലത്ത് കുടിവെള്ള വിതരണം എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉള്ള കാര്യമല്ല. 23.12.2017 ലെ (സാധാ) 767/2017/ ദു.നി.വ. നം. ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്തമാണ് ഇത്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ലാ കളക്ടർമാർക്ക് നൽകി റീഫണ്ട് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചെലവായ തുക ലഭ്യമാക്കാനുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്ന കാരണത്താലാണ് കുടിവെള്ള വിതരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ അംഗീകാരം നൽകുന്നത്. ഭാരതപ്പുഴ ഉൾപ്പെടെ തനത് ജലസ്രോതസ്സുകളുള്ള ഗ്രാമപഞ്ചായത്ത് ഈ തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

- കുടിവെള്ള വിതരണത്തിന്റെ തുക കരാറുകാരന് അനുവദിച്ചപ്പോൾ ഇൻകം ടാക്സ് ഈടാക്കിയെങ്കിലും ജി.എസ്.ടി. ഇനത്തിൽ തുക ഈടാക്കിയില്ല. വർക്കുകളുള്ള ഗതാഗത/ചരക്ക് നീക്ക സേവനം കരാറുകാരൻ ലഭ്യമാക്കിയ സാഹചര്യത്തിലും കരാറുകാരന് ജി.എസ്.ടി. രജിസ്ട്രേഷൻ ഉണ്ടായിരുന്നോയെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയതായി കാണുന്നില്ല. സേവന ദാതാവിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക ഈടാക്കാതിരുന്നതും വിശദീകരിക്കേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നതിലുണ്ടായ വീഴ്ചയാണ് അപാകതകൾക്ക് കാരണമായിട്ടുള്ളത്. ജി.പി.എസ് പ്രകാരമുള്ള ദൂരം കുടിവെള്ളവിതരണത്തിനായി നടത്തിയതാണെന്ന് ഉറപ്പ് വരുത്താതെയാണ് സെക്രട്ടറി ബിൽ തയ്യാറാക്കിയിട്ടുള്ളതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെലവ് അധികൃതമാക്കിയിട്ടുള്ളതും . വർക്കിംഗ് ഗ്രൂപ്പ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ചുമതലാപരമായ പങ്ക് വഹിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതും കരാറുകാരന് ബിൽതുക അനുവദിക്കുന്നതിന് ആധാരമാക്കിയ ദൂരത്തിന്റെ കൃത്യത പരിശോധിക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

- അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ കുടിവെള്ള പദ്ധതികൾ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിലും മണ്ണ് ജലസംരക്ഷണം മുൻ നിർത്തി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലും വർക്കിംഗ് ഗ്രൂപ്പ് വീഴ്ച വരുത്തിയിട്ടുണ്ട്. കുടിവെള്ള ക്ഷാമം, വരൾച്ച എന്നീ വെല്ലുവിളികളെ ശാശ്വതമായി നേരിടുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലുണ്ടായ വീഴ്ച വിശദീകരിക്കേണ്ടതാണ്.

## 1-31 വികസന ഫണ്ട് പദ്ധതിയേതര ചെലവുകൾക്കായി വിനിയോഗിച്ചു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ (പ്രോജക്ട് നം. 25/22 ) എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകത ഉണ്ടായിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

- പദ്ധതി പ്രകാരം കുടുംബശ്രീ സി.ഡി.എസ്, തൊഴിലുറപ്പ് പദ്ധതി ടെണ്ടർ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചതിന് യഥാക്രമം 28.01.2021 ലെ CLT/21-22/4480 ബിൽ പ്രകാരം 7140 രൂപയും 21.02.2021 ലെ CLT/21-22/5052 ബിൽ പ്രകാരം 7140 രൂപയും പത്രപരസ്യ ചാർജ്ജിനത്തിൽ ദേശാഭിമാനിക്ക് നൽകിയിട്ടുണ്ട്. മേൽ ചെലവുകൾ വികസനഫണ്ടിൽ നിന്നും വിനിയോഗിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. വികസനഫണ്ടിൽ നിന്നും വകമാറ്റിയ 14280 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവുകൾ അനുവദിക്കും മുൻപ് അധികൃതമാണോ എന്നത് അക്കൗണ്ടന്റ്, സെക്രട്ടറി,

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നീ ഘടകങ്ങൾ പരിശോധിക്കുന്നതിലുള്ള വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ചെലവ് തുക തനത് ഫണ്ട്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ഫണ്ട് എന്നിവയിൽ നിന്നും പിൻവലിച്ച് വികസനഫണ്ടിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

## 1-32 പ്രിന്റിംഗ് ജോലികൾ ലാഭകരമാവുന്നില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ (പ്രോജക്ട് നം. 25/22 ) , 14-ാം പഞ്ചവത്സര പദ്ധതി രൂപീകരണം ചെലവ് (പ്രോജക്ട് നം. 86/22) , പൗരാവകാശ രേഖ പുതുക്കൽ (പ്രോജക്ട് നം. 147/22) എന്നീ പദ്ധതികൾ പ്രകാരം ശ്രീഗേഷ് പ്രിന്റേഴ്സ് , കസ്റ്റൻസ് ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നായി 234370 രൂപയുടെ വിവിധ പ്രിന്റിംഗ് ജോലികൾ നിർവ്വഹിച്ചിട്ടുണ്ട്. പ്രോജക്ട് നമ്പർ 147/22(73160),പ്രോജക്ട് നമ്പർ 86/22(84960), പ്രോജക്ട് നമ്പർ 25/22(76250). പദ്ധതിയേതര പ്രിന്റിംഗ് ചെലവായി 23708 രൂപയും 21-22 വർഷത്തിൽ സ്ഥാപനം ചെലവഴിച്ചിട്ടുണ്ട്. ഒരു ലക്ഷത്തിന് മുകളിലുള്ള എല്ലാ പർച്ചേസുകളും ഓപ്പൺ ടെണ്ടർ നടപടിയിലൂടെയാണ് സമാഹരിക്കേണ്ടത്. അതായത് ഒരു വർഷത്തെ പ്രിന്റിംഗ് സേവനങ്ങൾ മുൻകൂറായി നിരക്കടിസ്ഥാനത്തിൽ സമാഹരിക്കുന്നതിന് പകരം ഓരോ ഘട്ടത്തിലും ക്വട്ടേഷൻ നടപടിയിലൂടെ സേവനം സമാഹരിച്ചത് സ്ഥാപനത്തിന് ലാഭകരമായിട്ടില്ല. ഓരോ തവണയും വ്യത്യസ്ത നിരക്കിലാണ് സ്ഥാപനങ്ങൾ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളതെന്നും പ്രസക്തമാണ്. ഉദാ- കരട് പദ്ധതി രേഖ പ്രസിദ്ധീകരിക്കുന്നതിന് എ4 പേപ്പറിന് 1.72 രൂപയും പൗരാവകാശ രേഖ പ്രിന്റ് ചെയ്യുന്നതിന് എ4 പേപ്പറിന് 5.14 രൂപ നിരക്കിലുമാണ് സ്ഥാപനത്തിന് ചെലവ് വന്നിട്ടുള്ളത്. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

- പൗരാവകാശ രേഖ പുതുക്കൽ ( പ്രോജക്ട് നം. 147/22) എന്ന പദ്ധതി പ്രകാരം രണ്ട് ഘട്ടങ്ങളിലായി 220 കോപ്പി പ്രിന്റ് ചെയ്തിട്ടുണ്ട്. 100 കോപ്പി പ്രിന്റ് ചെയ്തതിന് 16.12.2021 തിയ്യതിയിലെ 297 നമ്പർ ബിൽ പ്രകാരം 33040 രൂപയും 120 എണ്ണം പ്രിന്റ് ചെയ്തതിന് 03.03.2022 തിയ്യതിയിലെ 394 നമ്പർ ബിൽ പ്രകാരം 40120 രൂപയും കസ്റ്റൻസ് ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. രണ്ട് തവണയും ക്വട്ടേഷൻ നടപടിയിലൂടെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. രണ്ട് ക്വട്ടേഷനിലും കസ്റ്റൻസ് ഓഫ്സെറ്റിന് പുറമെ പീകോക്ക് ഓഫ്സെറ്റ് കല്ലായി,വർണ്ണം പ്രിന്റേഴ്സ് കോഴിക്കോട് എന്നീ സ്ഥാപനങ്ങളാണ് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത ക്വട്ടേഷനുകളിലെ കൈയ്യക്ഷരം സമാനമായിട്ടാണ് കാണപ്പെട്ടത്. കസ്റ്റൻസ് ഓഫ്സെറ്റ് പ്രിന്റേഴ്സ് ഒഴികെയുള്ള സ്ഥാപനങ്ങളുടെ ലെറ്റർ പാഡുകളിൽ ഫോൺ നമ്പർ, പ്രൊപ്രൈറ്ററുടെ പേര്, എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ പ്രസ്തുത സ്ഥാപനങ്ങൾ യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നവയാണെന്ന് ഉറപ്പ് വരുത്താനായിട്ടില്ല. മേൽ രണ്ട് സ്ഥാപനങ്ങളുടെ ക്വട്ടേഷനുകളും കസ്റ്റൻസ് ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനം തന്നെ തയ്യാറാക്കിയതാണെന്ന് വ്യക്തമാണ്. ക്വട്ടേഷനിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങൾ ഒന്ന് പോലും പങ്കെടുത്തിട്ടില്ലെന്നതും പ്രസക്തമാണ്. പൗരാവകാശ രേഖ പ്രിന്റ് ചെയ്യുന്നതിന് പേജിന് 5.14 രൂപ നിരക്കിലാണ് ഗ്രാമപഞ്ചായത്തിന് ചെലവ് വന്നിട്ടുള്ളത്. എന്നാൽ കരട് പദ്ധതി രേഖ പ്രസിദ്ധീകരിച്ചപ്പോൾ പേജിന് 1.72 രൂപ മാത്രമെ ചെലവ് വന്നിട്ടുള്ളൂ. 25000 മുതൽ 100000 രൂപവരെയുള്ള വാങ്ങലുകളിൽ ലിമിറ്റഡ് ടെണ്ടർ നടപടിയിലൂടെയാണ് വാങ്ങലുകൾ നടത്തേണ്ടത്. എന്നാൽ ക്വട്ടേഷൻ നടപടിയാണ് സ്ഥാപനം സ്വീകരിച്ചിട്ടുള്ളത്.
- 14-ാം പഞ്ചവത്സര പദ്ധതി രൂപീകരണം ചെലവ് (പ്രോജക്ട് നം. 86/22) എന്ന പദ്ധതി പ്രകാരം സമഗ്രസർവ്വേ, അവസ്ഥാരേഖ വികസനരേഖ തയ്യാറാക്കുന്നതിനുമായി 84960 രൂപ കസ്റ്റൻസ് ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ടെണ്ടർ /ക്വട്ടേഷൻ സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 08.11.2010 ലെ സ.ഉ.(പി).നം.259/2010/ത.സ്വ.ഭ.വ നമ്പർ

ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് സ്ഥാപനം പ്രിന്റിംഗ് സേവനങ്ങൾ സമാഹരിച്ചിട്ടുള്ളത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും , പ്രൊക്യൂർമെന്റ് കമ്മിറ്റി, പർച്ചേസ് കമ്മിറ്റി എന്നിവയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-33 കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും വാങ്ങൽ– മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (പ്രോജക്ട് നം. 72/22 ), ലാപ്ടോപ് വാങ്ങൽ ( പ്രോജക്ട് നം. 161/22 ) എന്നീ പദ്ധതികളുടെ ഭാഗമായി യഥാക്രമം 4 ഡെസ്ക് ടോപ്പുകളും 2 ലാപ്ടോപ്പുകളും വാങ്ങിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകത ഉണ്ടായിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

- ഡെസ്ക്ടോപ്പിനും ലാപ്ടോപ്പിനുമൊപ്പം വിൻഡോസ് ഹോം ഓപ്പറേറ്റിംഗ് സിസ്റ്റവും പർച്ചേസ് ചെയ്തിട്ടുണ്ട്. സൗജന്യമായി ലഭ്യമാകുന്ന ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങാതെയാണ് സ്ഥാപനം വിൻഡോസ് 10 ഒഎസ് വാങ്ങിയിട്ടുള്ളത്. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ വിന്യസിപ്പിച്ച് പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തിൽ സെർവ്വർ അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ ഭാഗികമായി മാത്രമാണ് ഉപയോഗിക്കുന്നത്. വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം വിന്യസിച്ച നിരവധി സിസ്റ്റങ്ങൾ സ്ഥാപനത്തിൽ നിലനിൽക്കെയാണ് പുതുതായി വിൻഡോസ് 10 പ്രൊഫഷണൽ ഒഎസ് വാങ്ങിയിട്ടുള്ളത്. നിലവിൽ സ്ഥാപന, സചിത്ര സോഫ്റ്റ്‌വെയറുകൾ പ്രവർത്തിപ്പിക്കുന്നതിന് മാത്രമേ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ആവശ്യമുള്ളൂ. സ്ഥാപനത്തിൽ നിലവിലുള്ള കമ്പ്യൂട്ടറുകളിലെല്ലാം തന്നെ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം വിന്യസിച്ചിരിക്കെ പുതിയ കമ്പ്യൂട്ടറുകൾക്കും വിൻഡോസ് ഒഎസ് വാങ്ങിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിവരസാങ്കേതിക വിദ്യ വകുപ്പിന്റെ 17.05.2014 ലെ സ.ഉ (സാധാ) നം. 109/2014/വി.സാ.വ ഉത്തരവ്, 21.07.2016 ലെ ഐ.ടി. സെൽ-2/701/2016/ഐ.ടി.ഡി നമ്പർ സർക്കുലർ, ഭാരത സർക്കാരിന്റെ 2015 ലെ സ്വതന്ത്ര സോഫ്റ്റ്‌വെയർ നയം എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് കുത്തക സോഫ്റ്റ്‌വെയർ വാങ്ങിയിട്ടുള്ളത്.
- ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വകുപ്പിന്റെ 23.07.2021 തിയ്യതിയിലെ ജി.ഒ (ആർ.ടി) നം. 99/2021/ITD നമ്പർ ഉത്തരവ് പ്രകാരം ഡെസ്ക് ടോപ്പുകൾക്ക് പകരം ലാപ്ടോപ്പുകളാണ് വാങ്ങേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിബന്ധനയും പാലിക്കപ്പെട്ടിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വകുപ്പിന്റെ 23.07.2021 തിയ്യതിയിലെ ജി.ഒ (ആർ.ടി) നം. 99/2021/ITD നമ്പർ ഉത്തരവ് തിയ്യതിക്ക് മുൻപാണ് കമ്പ്യൂട്ടറുകൾക്ക് പർച്ചേസ് ഓർഡർ നൽകിയതെന്നും ILGMS വിന്യസിക്കും മുൻപ് നാമമാത്രമായ ചില സോഫ്റ്റ്‌വെയറുകൾ പ്രവർത്തിക്കുന്നതിന് വിൻഡോസ് ഒഎസ് അനിവാര്യമായിരുന്നു എന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്നതും വിൻഡോസ് ഒഎസ് വിന്യസിച്ചുള്ളതുമായ കമ്പ്യൂട്ടറുകൾക്ക് പകരമായാണ് പുതിയ കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുള്ളത്. ഒഎസ് പുതുതായി വാങ്ങിക്കേണ്ട സാഹചര്യം സ്ഥാപനത്തിലില്ലായിരുന്നു. അപാകത പരിശോധിച്ച് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ഇ-ഗവേണൻസ് പ്രവർത്തനങ്ങളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-34 പദ്ധതി ഭാഗികമായി ആസൂത്രണം ചെയ്തു– തുടർപദ്ധതികളില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഒപ്പക്കാട്ടിൽതാഴെ കുടത്തിൽ ക്ഷേത്രം റോഡ് (പ്രോജക്ട് നം. 26/22) പദ്ധതിയുടെ ആസൂത്രണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

റോഡ് നിർമ്മാണ പ്രവൃത്തി ഭാഗികമായാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. ബിൽ നം.310/30.03.22 പ്രകാരം റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 21-22 ൽ 3,31,927 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെയിനേജ് 145 വരെ ടാറിംഗ് ചെയ്ത റോഡിൽ 235 വരെ ക്വാറിവേസ്റ്റ് ഫില്ല് ചെയ്ത നിലയിലും ബാക്കിഭാഗം മൺറോഡുമാണ്. റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് 22–23 വർഷത്തിൽ തുടർ പദ്ധതികളും ആസൂത്രണം ചെയ്തതായി കാണുന്നില്ല. സ്ഥല പരിശോധന നടത്തിയതിൽ നിർമ്മാണം പൂർത്തിയാകാത്തത് കാരണം ആസ്തി പൊതുജനങ്ങൾക്ക് പൂർണ്ണമായി ഉപയോഗപ്രദമായിട്ടില്ലെന്നത് ഓഡിറ്റിന് ബോധ്യപ്പെട്ടു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ് ഗ്രാമസഭയും മുൻഗണനാക്രമം നിശ്ചയിച്ച് നൽകിയ ആസ്തിയുടെ നിർമ്മാണം ഭാഗികമായി ആസൂത്രണം ചെയ്യുകയും തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കാതിരിക്കുകയും ചെയ്യുന്നത് ആസൂത്രണത്തിലെ വീഴ്ചയാണ്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആസ്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-35 ഹോം വർക്കിന് തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗിന് ഉപയോഗപ്പെടുത്തിയിട്ടുള്ള ഇനം Mord SOR 75.8.1 പ്രകാരമുള്ളതാണ്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ നിന്നും ആകെ തുകയുടെ 4 ശതമാനം ഫോം വർക്കിനായാണ് വകയിരുത്തിയിട്ടുള്ളത്. ഷെറിഫ് ഡ്രെയിൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് ഇതേ ഇനമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. 19.12.22 തീയതിയിൽ സ്ഥല പരിശോധന നടത്തിയതിൽ ഷാപ്പിൽ താഴെ പാടശേഖരം റോഡ് പൂർത്തീകരണം (187/22) എന്ന പ്രവൃത്തിക്ക് ഫോം വർക്ക് ചെയ്തിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. കോൺക്രീറ്റിംഗിന് മാത്രമായി 94080 രൂപ ചെലവ് വന്നിട്ടുണ്ട്. 3539 രൂപ ഫോം വർക്ക് ഇനത്തിൽ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

ഫോംവർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും നാല് ശതമാനം ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. എല്ലാ കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികൾക്കും ആവശ്യകത പരിഗണിക്കാതെ ഇതേ ഇനമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും 75.8.1 എന്ന ഇനം അനുവദിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക ചെലവുണ്ടായിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

ഫോം വർക്ക് ഒഴിവാക്കിയ ഒബ്സർവ്ഡ് ഡാറ്റ സ്വീകരിച്ചും ബിൽ തയ്യാറാക്കുന്ന വേളയിൽ ഫോം വർക്കിനുള്ള തുക ഒഴിവാക്കിയും അപാകത പരിഹരിക്കാനുള്ള അവസരം നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രയോജനപ്പെടുത്തിയിട്ടില്ല. മറ്റ് പ്രവർത്തികളിലും സമാനമായ അപാകത സംഭവിക്കാനുള്ള സാഹചര്യം നിലവിലുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 9.12.22 To 18.12.22 | ഈ റിപ്പോർട്ടിനൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | ലൈഫ് ഭവന പദ്ധതി | 600000 | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | നെൽ കൃഷി കൂലി ചെലവ് വിതരണം | 120000 | 120000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | നെൽ കൃഷി കൂലി ചെലവ് വിതരണം | 72000 | 72000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | ശാരീരിക മാനസിക വെല്ലു വിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 250000 | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | ശാരീരിക മാന സിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 250000 | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസന്റീവ് | 130000 | 130000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസന്റീവ് | 100000 | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 200000 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | ലൈഫ് ഭവന പദ്ധതി(എസ്.സി) | 1360000 | 1360000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | ഡെപ്പോസിറ്റ് ചെയ്ത തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കല്ലട ഇറിഗേഷൻ പ്രൊജക്റ്റ് | നാറാത്ത് വെസ്റ്റ് ഏളർകനാൽ റോഡ് | 42/19-20തീ. 26.02.20 | 600000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | — |
| കെ എസ് ഇ ബി | പ്രശാന്തി ഗാർഡൻ 3ഫേസ് ലൈൻ വലിക്കൽ | 2210145II 27.3.22 | 581923 | 581923 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല-

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് | തൻ വർഷം | വർഷാരംഭത്തിൽ | തൻവർഷം തിരിച്ചടച്ച | വർഷാവ |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/ തീയതി | എടുത്ത വായ്പ തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തുക | | അവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GD(MS)88/2018 Dt 18.05.2018 | 0 | 14737053 | 1349333 | 0 | 13387720 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 22650628 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 1740802 |
| ആകെ | 22650628 |
| പലിശ | 1740802 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 24391430 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്ഥിരനിക്ഷേപം | 24391430 |
| ഷെയർ | 2500 |
| ആകെ | 24393930 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 30 | 1999-00 | (എ) 77,78 IV 62A | നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻകൂർ നല്കിയത് | നിയമസഭാ സമിതി 2006-08(11) ഖ. 16,17,18 പ്രകാരം നടപടികൾ സ്വീകരിക്കാനും വിശദമായ |

| | | | | | |
|---|---|---|---|---|---|
| | | | | | വകുപ്പുതല<br>അന്വേഷ<br>ണത്തിനും<br>(മാങ്ങോട്ടുശി<br>കോളനി)<br>നിർദ്ദേശിച്ചു |
| 1997-98 | 31 | 1999-00 | (ബി) 78 IV 628 | നെൽകൃഷി<br>വികസനം<br>പവർ ടില്ലർ | നിയമസഭാ<br>സമിതി 2006-<br>08(II) ല 21<br>പ്രകാരം<br>നടപടിക്ക്<br>നിർദ്ദേശിച്ചു |
| 1990-<br>00 | 39 | 2001-02 | 11.3 | വനിത<br>പ്രിന്റിംഗ് പ്രസ്സ്<br>യന്ത്ര<br>വിനിയോഗം | നിയമസഭാ<br>സമിതി 2006-<br>08(II) ല 25<br>പ്രകാരം<br>നടപടി<br>അവസാനി<br>പ്പിക്കാൻ<br>ശുപാർശ |
| 2001-02 | 8 | 2003-04 | 5,14 | മൈത്രി ഭവന<br>പദ്ധതി :<br>ഉത്തരവാദിത്വം<br>നിറവേറ്റിയില്ല | |
| 2000-01 | 26 | 2003-04 | 6.5 | കാർഷിക<br>യന്ത്രവൽ<br>ക്കരണം -<br>ഉപയോഗം<br>നിഷ്ഫലം<br>പാഴാവുന്ന | |

| | | | | | |
|---|---|---|---|---|---|
| 2003-04<br>2004-05 | 3-2<br>3-7 | 2006-07 | 3.79.9 | തൊഴിൽ യൂണിറ്റുകൾക്ക് ധനസഹായം | |
| 2003-04 | 3-6 | 2006-07 | 3.79.19.6 | മണ്ണ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി | |
| | | 2015-16 | 4.2.2 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പ്രചരണത്തിന് പ്രാധാന്യം നൽകുന്നില്ല | |
| 2001-02 | 3-1 | 2005-06 | 2.70.1.8.5 | കുടിവെള്ള പദ്ധതികൾ ബാധ്യതയാകുന്നു | നിയമസഭാ സമിതി 2014-16(51) ല 23 പ്രകാരം ഒഴിവാക്കാൻ ശുപാർശ |
| 2014-15 | 2-6 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-6 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 103632809 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89442477 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1020510 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 29564 | |
| 1-14 | 140000 | ശ്രീ. വിവേക് വേണുഗോപാൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-16 | 349988 | ശ്രീ.ഫറാസ് ഷമീം ടി.കെ, സെക്രട്ടറി |
| 1-17 | 100000 | ശ്രീ.ഫറാസ് ഷമീം ടി.കെ,സെക്രട്ടറി |
| 1-20 | 173280 | ശ്രീമതി.സന്ധ്യ പി.കെ ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-25 | 123398 | ശ്രീമതി.ശ്രീലത, മെഡിക്കൽ ഓഫീസർ (ഹോമിയോ) |

| | | |
|---|---|---|
| 1-31 | 14280 | ഫവാസ് ഷമീം ടി.കെ, സെക്രട്ടറി |
| ആകെ | 1020510 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

**ഇല്ല**

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

**ഇല്ല**

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തട്ടിപ്പിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വിവേക് വേണുഗോപാൽ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഉള്ളിയേരി ഗ്രാമപഞ്ചായത്ത് | വൈശാഖ്, 27/1084A, എടക്കണ്ടി പറമ്പ്, കുതിരവട്ടം പി.ഒ, കോഴിക്കോട് |
| ശ്രീ. ഫവാസ് ഷമീം ടി.കെ, സെക്രട്ടറി | ലഭ്യമല്ല | തൊട്ടപൊയിൽ, പി.ഒ ഉണ്ണികുളം |
| ശ്രീമതി. സന്ധ്യ പി.കെ, ഫിഷറീസ് സബ് ഇൻസ്പെക്ടർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | മനത്ത് വീട്, കടലൂർ പി.ഒ, 673529 |

| | | |
|---|---|---|
| ശ്രീമതി ശ്രീലത, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ആരോഗ്യം, ബില്ലാത്തികളും, വെസ്റ്റ്ഫിൻ |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി/10/689/18, 30.01.2018 | 2 | 30, 31 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി/10/689/18, 30.01.2018 | 1 | 34 |
| 1999-2000 | എൽ.എഫ്.കെ.കെ.ഡി.പി/10/689/18, 30.01.2018 | 1 | 38 |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി/പി4/606/19(1), 29.12.2020 | 4 | 28, 29, 30, 32 |
| 2001-02 | കെ.എസ്.എ/കെ.കെ.ഡി/പി4/606/19(2), 29.12.2020 | 1 | 3-3 |
| 2002-03 | കെ.എസ്.എ/കെ.കെ.ഡി/പി4/606/19(3), 29.12.2020 | 1 | 3-5 |
| 2003-04 | കെ.എസ്.എ/കെ.കെ.ഡി/പി4/606/19(4), 29.12.2020 | 1 | 3-3 |
| 2004-05 | കെ.എസ്.എ/കെ.കെ.ഡി/പി4/606/19(5), 29.12.2020 | 5 | 2-1,3-4, 3-5, 3-6, 3-7 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി/10/689/18, 30.01.2018 | 7 | 3-2,3-3,3-4,3-5, 3-6,3-7,3-8 |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി/10/689/18, 30.01.2018 | 6 | 3-1,3-2,3-3,3-5, 3-10,3-11 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി/10/689/18, 30.01.2018 | 11 | 2-8,2-10,3-1,3-2, 3-4,3-5,3-8,3-11 3-12,3-13,3-14 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി/10/689/18, 30.01.2018 | 14 | 2-3(4), 2-8,2-9, 3-1,3-3, 3-4, 3-5, 3-6, 3-7, 3-10, 3-11, 3-13, 3-14, 3-15 |
| 2009-10 2010-11 | എൽ.എഫ്.കെ.കെ.ഡി.പി/10/689/18, 30.01.2018 | 8 | 2-4, 2-7, 2-9, 3-4, 3-6, 3-7, 3-8, 3-9 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി/10/1376/14, 10.10.2014 | 18 | 1-5,1-6, 2-1(1,2), 2-2(1,2),2-3, 3-1,2-4, 2-5,2-6,2-7, 3-8, 3-9, 3-10, 3-11, 4-2, 4-7 |
| 2012-13 2013-14 | എൽ.എഫ്.കെ.കെ.ഡി.പി/10/258/16, 08.04.2016 | 24 | 2-1,2-2,2-3,2-4, 2-5,2-6, 3-1, 3-2, 3-3, 3-4, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-17, 2-18, 3-20, 3-23, 3-24 |
| 2014-15 | കെ.എസ്.എൽ.കെ.കെ.ഡി.പി10/1965/16, 01.07.2017 | 11 | 2-1,2-2(2), 2-5, 2-6(1,2), 3-1,3-4, 3-5,3-6, 3-8, 3-9 |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി10/2044/18, 05.10.2018 | 14 | 2-1,2-2, 2-4, 2-5, 2-6, 2-7, 3-2, 3-5, 3-9(1,2,3) 3-12, 3-14, 3-16 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി 10/1779/17, 23.01.2018 | 26 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 3-9, 3-10, 3-11 , 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/പി 10/89/19, 7.03.2019 | 15 | 2-1, 2-2, 3-(1),3(2),3(3),3(4),3(5), 3(6),3(7),3(8),3(9), 3(10),3(11),3(12),3(13), |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/പി 4/1136/20, 20.01.2021 | 17 | 1-5, 1-6, 1-7, 1-8, 1-12, 1-14, 1-15, 1-18, 1-19, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-31, 1-32 |
| 2019-20 | കെ.എസ്.എ/കെ.കെ.ഡി/പി 4/962/21, 31.08.22 | 22 | 1-1 To 1-22 |
| 2020-21 | കെ.എസ്.എ/കെ.കെ.ഡി/പി 4/963/21, 07.09.21 | 24 | 1-1 To 1-24 |

മേൽ റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്